# LAITY VOICE

2014 DECEMBER | Volume: 5 | No:6




ആത്മീയ ചൈതന്യനിറവിൽ ധന്യതയുടെ നിമിഷങ്ങളിലൂടെ ഭാരത കത്തോലിക്കാ സഭ. വിശുദ്ധ അൽഫോൻസാമ്മയ്ക്കു ശേഷം മലയാള മണ്ണിലെ രണ്ടു പുണ്യസൂനങ്ങൾക്കൂടി വിശുദ്ധഗണത്തിൽ. ചാവറയച്ചനും എവുപ്രാസ്യമ്മയും സ്വർഗീയ വിശുദ്ധാരാമത്തിലെ നിത്യസുരഭിലസൂനങ്ങളായപ്പോൾ മലയാള മണ്ണ് പ്രേഷിത ചൈതന്യത്താൽ നിറഞ്ഞുതുളുമ്പുന്നു. സഹനത്തിന്റെ സമ്പൂർണ്ണ സമർപ്പണമായിരുന്ന വിശുദ്ധ അൽഫോൻസാമ്മ. മനുഷ്യസ്നേഹത്തിലൂടെ ദൈവസ്നേഹത്തിന്റെ നന്മകൾ വാരിവിതറി കേരളസമൂഹത്തിൽ പുതുചൈതന്യത്തിന്റെ കിരണങ്ങൾ ചൊരിഞ്ഞ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കന്യകാമഠത്തിന്റെ ചുവരുകൾക്കുള്ളിലെ പ്രാർത്ഥനാജീവിതത്തിലൂടെ ദൈവത്തിന് സ്വയം സമർപ്പിച്ച വിശുദ്ധ എവുപ്രാസ്യാമ്മ. ഈ ആത്മീയതയുടെ പുണ്യതേജസുകൾ നമുക്കു മാർഗ്ഗദീപങ്ങളാകുന്നു. വിശുദ്ധ പദവിയിലേയ്ക്ക് ചുവടുകൾ വയ്ക്കുന്ന 5 വാഴ്ത്തപ്പെട്ടവർ, 7 ധന്യർ, 29 ദൈവദാസർ വരും നാളുകളിൽ സഭയെ കൂടുതൽ ധന്യമാക്കും. പുണ്യമുഹൂർത്തങ്ങൾക്കായി ഹൃദയങ്ങളൊരുക്കി പ്രാർത്ഥനയോടെ നമുക്ക് കാത്തിരിക്കാം.

---

## ഇന്നിവർ രക്തസാക്ഷികൾ, നാളെ വിശുദ്ധർ?





വിശ്വാസത്തിനുവേണ്ടി ജീവൻ സമർപ്പിച്ച രക്തസാക്ഷികളുടെ ചുടുനിണത്താൽ പടുത്തുയർത്തപ്പെട്ടതാണ് കത്തോലിക്കാസഭ. ആദ്യരക്തസാക്ഷി വിശുദ്ധ സ്റ്റെഫാനോസ് മുതൽ സഭാവളർച്ചയുടെ ചരിത്രം പീഡനങ്ങളുടേയും രക്തച്ചൊരിച്ചിലിന്റേതുമാണ്. മതമർദ്ദനത്തിന്റെ നാളുകളിൽ കുന്തമുനകളിൽ ജീവൻ നഷ്ടപ്പെട്ടവരും, തിളയ്ക്കുന്ന എണ്ണയിൽ വെന്തുമരിച്ചവരും, ജയിലറകൾക്കുള്ളിൽ ജീവിതം ഹോമിക്കേണ്ടി വന്നവരും ഒട്ടനവധി. ചരിത്രങ്ങളിലേൽക്കേണ്ടിവന്ന പീഡനങ്ങൾ ഇന്നും ആവർത്തിക്കുന്നു. ഇറാഖിലും സിറിയയിലും നടക്കുന്ന മതമർദ്ദനത്തിന്റെ അതിഭീകരത തുടരുകയാണ്. വിശുദ്ധിയുടെ ആഘോഷങ്ങൾക്കിടയിലും വിശ്വാസത്തിനുവേണ്ടി മരിച്ചുവീഴുന്ന സഹോദരങ്ങളുടെ കണ്ണീരും ചുടുനിണവും നാം കാണുന്നില്ലേ. തെരുവീഥികളിൽ ശിരസ് ഛേദിക്കപ്പെട്ടവർ... മരുഭൂമിയിൽ ജീവനോടെ കുഴിച്ചുമൂടപ്പെട്ടവർ... ജീവിത പ്രഭാതത്തിലേയ്ക്ക് പിച്ചവച്ചു കടന്നുവന്നപ്പോൾ തന്നെ തറയിലെറിഞ്ഞ് കിരാതമായി കൊലചെയ്യപ്പെട്ട പിഞ്ചുകുഞ്ഞുങ്ങൾ.... പൈശാചികതയുടെ ക്രൂരതാണ്ഡവത്തിലും വിശ്വാസത്തിൽ അടിയുറച്ചുനിന്ന പുണ്യാത്മാക്കൾ... അഭ്രപാളികളിലെന്നപോലെ കൺമുമ്പിൽ കണ്ടിട്ട് ഇന്നലെകളിലേയ്ക്ക് ഇവരെ തള്ളിവിടരുതേ... ഇവർക്കുവേണ്ടി ശബ്ദിക്കുവാൻ പ്രാർത്ഥിക്കുവാൻ നമുക്കാകണം. ഇന്നിവർ രക്തസാക്ഷികൾ. നാളെ, വിശുദ്ധിയുടെ നിറകുടങ്ങൾ....



ക്രിസ്മസ് നവവത്സരാശംസകൾ

## എഡിറ്റോറിയൽ



**കൈ**ക്കൂലി വാങ്ങുന്നവന്റെ കൈവെട്ടുന്ന നിയമം നമ്മുടെ നാട്ടിൽ നടപ്പിലാക്കുന്നുവെന്ന് സങ്കൽപ്പിക്കുക. എന്തായിരിക്കും അവസ്ഥ? ദൈവത്തിന്റെ സ്വന്തം നാട്ടിലെ രാഷ്ട്രീയ ഭരണ ഉദ്യോഗസ്ഥ നേതൃത്വങ്ങൾ കൈയ്യില്ലാത്തവരായി ലോകമെങ്ങും അറിയപ്പെടും. പക്ഷേ, ഈ നിയമം നിയമസഭയിൽ നിർമ്മിക്കപ്പെട്ട് നടപ്പിലാക്കാമെന്ന് ആരും സ്വപ്നം കാണേണ്ടതില്ല. കാരണം നിയമം നിർമ്മിച്ച്, നീതി നടപ്പിലാക്കേണ്ടവരിൽ പലരുടേയും ഇരുകൈകളും വെട്ടിമാറ്റേണ്ടിവരും. അത്രമാത്രം അഴിമതിയുടെ ചെളിക്കുണ്ടിലാണ് അധികാര കേന്ദ്രങ്ങൾ. കുടിക്കുന്ന വെള്ളത്തിലും, സഞ്ചരിക്കുന്ന വാഹനത്തിലും, കഴിക്കുന്ന ഭക്ഷണത്തിലും, നിത്യേനയുള്ള ജീവിതയാത്രയിലും മാത്രമല്ല, ശ്വസിക്കുന്ന വായുവിൽ പോലും അഴിമതിയുടെ ദുർഗന്ധവും, കണ്ണികളും, കണികകളും നിറഞ്ഞിരിക്കുന്നു. **അഴിമതിക്കെതിരെ വിരൽ ചൂണ്ടുമ്പോൾ സ്വന്തം നെഞ്ചിനുനേരെ നീണ്ടുനിൽക്കുന്ന മൂന്നുവിരലുകളെക്കുറിച്ച് പല ഉന്നതന്മാരും സൗകര്യപൂർവ്വം മറക്കുന്നു. അത്രമാത്രം ജീർണ്ണതയിലാണ് ഈ നാടിന്റെ സാമൂഹ്യ, രാഷ്ട്രീയ, ഭരണ സംവിധാനങ്ങൾ**

**അഴിമതിക്കെതിരെ പ്രതികരിക്കുന്നവനെ അതിക്രൂരമായി ഇല്ലായ്മ ചെയ്ത് തകർത്തെറിയുന്ന അദൃശ്യശക്തികളുടെ ഇടപെടലുകളും, പ്രതികരിച്ചിട്ട് ഒരു കാര്യവുമില്ലെന്നുള്ള ഉൾവിളിയും അതിലുപരി പിറന്നുവീണ ഈ മണ്ണിൽ കുറേക്കാലംകൂടി മനശാന്തിയോടെ ജീവിക്കുവാനുള്ള അതിയായ മോഹവും ജനസമൂഹത്തെ നിസ്സഹായരും നിഷ്ക്രിയരുമാക്കുന്നു.**



# അഴിമതിയുടെ അദൃശ്യശക്തികൾ



കല്ലും കരടും കാഞ്ഞിരത്തിൻകുരു മുതൽ മുള്ളും മുരടും മൂർഖൻ പാമ്പുവരെ പ്രത്യയ ശാസ്ത്രങ്ങളിലും, പ്രകടനപത്രികകളിലും, പ്രവർത്തനപരിപാടികളിലും, ആശയദർശനങ്ങളിലും വ്യത്യസ്ഥത പുലർത്തുന്നവർ അഴിമതിയുടെ കാര്യത്തിൽ കെട്ടിപ്പിടിച്ച് ആശ്ലേഷിക്കുന്നു. ഈ സ്നേഹപ്രകടനത്തിന് മതമില്ല, ജാതിയില്ല, വർണ്ണമില്ല, വർഗ്ഗമില്ല, രാഷ്ട്രീയവുമില്ല. അഴിമതിയുടെ പെരുമ്പറ മുഴക്കുന്നതാണ് കൈക്കൂലി അഥവാ കോഴ. രണ്ടും ഒരേ നാണയത്തിന്റെ ഇരുപുറങ്ങൾ.

ജനജീവിതത്തിന്റെ അടിമുതൽ മുടിവരെ അഴിമതിയുടെ അവതാരങ്ങൾ നിറഞ്ഞുതുളളുകയാണ്. ഭരണസംവിധാനത്തിന്റെ ഉന്നത കേന്ദ്രങ്ങളായ പാർലമെന്റിന്റെയും സെക്രട്ടറിയേറ്റിന്റെയും മേൽത്തട്ടും ഉള്ളറകളും മുതൽ താഴെ വില്ലേജ്, പഞ്ചായത്ത് തലങ്ങളിൽ ജോലി ചെയ്യുന്ന പ്യൂണിന്റെ മേശവലിപ്പിനുള്ളിൽ വരെ അഴിമതി മൂർഖൻമാർ പത്തിവിരിച്ചാടുന്നത് നാം ദിവസേന കാണുന്നു. അധികാരത്തിലേറുവാനും അധികാരം നിലനിർത്തി കൈയ്യിട്ടുവാരുവാനുമായി അഴിമതിയെ വെള്ളപൂശി നിയമവും നീതിയും നിയന്ത്രണത്തിലാക്കി ജനങ്ങളുടെ മുമ്പിൽ മാന്യന്മാരാകുവാൻ ശ്രമിക്കുന്ന അതിവിരുതന്മാരായ കരുമാടിക്കുട്ടന്മാരുടെ എണ്ണം കൂടുകയാണ്. അഴിമതിയുടെ അടിവേരുകൾ കണ്ടെത്തണമെങ്കിൽ, ആഴങ്ങൾ അളന്നെടുക്കണമെങ്കിൽ, പലരുടേയും ചരിത്രമന്വേഷിക്കണം.

നാടുസേവിക്കാനിറങ്ങിത്തിരിച്ചവരുടെ പൊതുജനസേവനത്തിന്റെ ബാക്കിപത്രമായി ഇവർ കോടികളുടെ ഈശ്വരന്മാരായത് എങ്ങനെ? **കടത്തിണ്ണയിൽ നിന്നും കടുംകാപ്പിയിൽനിന്നും കോടതി വരാന്തയിലെ കറുത്തകോട്ടിൽ നിന്നും മാത്രമല്ല കലാലയങ്ങളിലെ കല്ലേറിന്റെയും തെരുവിലൊഴുകിയ രക്തപ്പുഴകളുടെയും രക്തസാക്ഷി മണ്ഡപങ്ങളുടെയും തൊഴിലാളി വിപ്ലവ തീജ്വാലകളുടേയും ഇടയിൽ നിന്ന് അധികാരത്തിന്റെ അംബരചുംബികളിലേയ്ക്കുള്ള സുഖയാത്രയിൽ പണംകായ്ക്കുന്ന വടവൃക്ഷങ്ങളുണ്ടെന്ന് സാധാരണജനത്തിന് മനസ്സിലാകാഞ്ഞിട്ടല്ല.** അഴിമതിക്കെതിരെ പ്രതികരിക്കുന്നവനെ അതിക്രൂരമായി ഇല്ലായ്മ ചെയ്ത് തകർത്തെറിയുന്ന അദൃശ്യശക്തികളുടെ ഇടപെടലുകളും, പ്രതികരിച്ചിട്ട് ഒരു കാര്യവുമില്ലെന്നുള്ള ഉൾവിളിയും അതിലുപരി പിറന്നുവീണ ഈ മണ്ണിൽ കുറേക്കാലംകൂടി മനശാന്തിയോടെ ജീവിക്കുവാനുള്ള അതിയായ മോഹവും ജനസമൂഹത്തെ നിസ്സഹായരും നിഷ്ക്രിയരുമാക്കുന്നു.

**ആദർശവും മാന്യതയും പഠിപ്പുമുള്ളവരെന്ന് നാം കരുതിയ ബ്യൂറോക്രസിയുടെ ഉന്നതന്മാരും നീതിയും നിയമവും നടപ്പിലാക്കുവാൻ ഉത്തരവാദിത്വപ്പെട്ടവരും അഴിമതിയിൽ കുളിച്ച് അഴികൾക്ക് പുറത്തുനിൽക്കുമ്പോൾ സാധാരണ ജനം ഭരണസംവിധാനങ്ങളെ അറപ്പോടും വെറുപ്പോടും നോക്കിക്കാണും.** സംസ്ഥാന ആഭ്യന്തര മന്ത്രി നിയമസഭയിൽ 2014 ഡിസംബർ 3ന് സൂചിപ്പിച്ച കണക്കനുസരിച്ച് 3000 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുണ്ട്. പോലീസിൽ ക്രിമിനൽ കേസിൽപെട്ട 940പേർ. 170 പേർ സ്തീകൾക്കെതിരായ അതിക്രമങ്ങളിൽപെട്ടവർ. 11 ഐഎഎസ്, 5 ഐപിഎസ്, 4 ഐഎഫ്എസ് ഉദ്യോഗസ്ഥരും വിജിലൻസ് അന്വേഷണം നേരിടുന്നു ഇവരിൽ രണ്ടുപേർ സസ്പെൻഷനിലാണ്. **നിയമവ്യവസ്ഥകളിലും, നീതിന്യായ സംവിധാനങ്ങളിലും വിശ്വാസം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷങ്ങൾ ജനങ്ങളുടെ സകല പ്രതീക്ഷകളേയും തകിടംമറിക്കുന്നതാണ്.**

സംസ്ഥാന സർക്കാരിന്റെ മദ്യനിരോധന നടപടികളുടെ തുടർച്ചയായി ചില കേന്ദ്രങ്ങൾ വെളിപ്പെടുത്തിയ അഴിമതിയുടെ ഘോഷയാത്ര ഞെട്ടിപ്പിക്കുന്നതും ലജ്ജിപ്പിക്കുന്നതുമാണ്. ബാർ കോഴ എന്ന പേരിൽ, ഉന്നത കേന്ദ്രങ്ങളിൽ കാലാകാലങ്ങളായി നടക്കുന്ന അന്തപ്പുര രഹസ്യങ്ങൾ വാർത്തകളും, ആരോപണങ്ങളുമായി സത്യമെന്തെന്ന് വ്യക്തമാകാതെ കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവന്നു. ആദ്യം പൂട്ടിയ 411ഉം പിന്നീട് പൂട്ടിയ 292ഉം ബാറുകളിൽ ഫോർസ്റ്റാർ നിലവാരമുള്ള 32 ബാറുകൾ തുടരുവാൻ ഹൈക്കോടതി വിധിച്ചിരിക്കുകയാണ്. **സർക്കാർ നിരോധിക്കുന്നു, കോടതി അവരോധിക്കുന്നു, ജനങ്ങൾ അപഹാസ്യരും വിഢികളുമാകുന്നു.**

ഘട്ടംഘട്ടമായി മദ്യം നിരോധിക്കുമെന്ന പൊള്ളത്തരം പലരും തിരിച്ചറിയുന്നില്ല. ഒന്നര വർഷം മാത്രം ആയുസുള്ള ഒരു സർക്കാരിന്റെ "ഘട്ടം ഘട്ടം" എവിടം വരെയെത്തുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. വിവിധ സർക്കാർ ഏജൻസികളിലൂടെ മദ്യം നാട്ടിൽ ഒഴുകുമ്പോൾ മദ്യനിരോധനത്തെ കെട്ടിപ്പുണർന്നവർ വസ്തു

തകൾ മനസിലാക്കണം. ഒന്നാമത്, സർക്കാരിന്റെ മദ്യനിരോധനത്തിനു പിന്നിലുള്ള ആത്മാർത്ഥതയിലെ പൊയ്മുഖം. രണ്ടാമത്, ഉന്നത നേതാക്കളുടെ പ്രതിച്ഛായ നന്നാക്കാനുള്ള തന്ത്രപ്പാട്. മൂന്നാമത്, രാഷ്ട്രീയ ഭരണ മദ്യലോബി കൂട്ടുകെട്ടിന്റെ ശക്തിസ്രോതസ്സുകളും പിൻബലവും.

കേരളത്തിന്റെ വടക്കുമുതൽ തെക്കുവരെ രഥയാത്ര നടത്തിയാൽ രാജ്യം നന്നാകുമെന്നും അഴിമതി തുടച്ചുനീക്കി നവഭാരതം സൃഷ്ടിച്ച് ജനക്ഷേമം ഉറപ്പുവരുത്തി വികസനം കുതിച്ചുയരുമെന്നും പ്രഖ്യാപിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളുടെ വാക്കുകൾക്ക് ചെവികൊടുക്കുന്ന പാവം മനുഷ്യർ സാക്ഷരതയുടെ ഈ നാട്ടിൽ ഇന്നുമുണ്ട്. കേരളയാത്ര, കേരളരക്ഷായാത്ര, കേരളവികസനയാത്ര, ജനസംരക്ഷണയാത്ര, ജനപക്ഷയാത്ര തുടങ്ങി എത്രയെത്ര യാത്രകളെ ചുരുങ്ങിയ നാളുകൾക്കുള്ളിൽ നാം കണ്ടു. ഇവരുടെ യാത്രകൾ നമുക്കെന്തു നേടിത്തന്നു? സമൂഹത്തിൽ അഴിമതിക്കു വളംവച്ചുകൊടുക്കുകയല്ലേ ചെയ്യുന്നത്. **കഷ്ടപ്പാടിന്റെ ലോകത്ത് ജീവിതം കൂട്ടിമുട്ടിക്കാൻ നെട്ടോട്ടമോടുന്ന ജനങ്ങളിൽ നിന്നും ജനസേവനം വിളിച്ചറിയിച്ച് പ്രസ്ഥാനങ്ങൾക്കായി കോടികൾ പിരിച്ചെടുക്കുന്ന പ്രവർത്തി ഹീനവും അഴിമതിയുടെ പര്യായവുമല്ലേ? അധികാരകേന്ദ്രങ്ങളിൽ അടയിരിക്കുന്നവർ രാജ്യത്തിനകത്തും പുറത്തും അദൃശ്യരിലൂടെയും അനന്തരാവകാശികളിലൂടെയും നാടുകൊള്ളയടിച്ച് ഓരോവർഷവും കമ്മിബഡ്ജറ്റും കടബാധ്യതയും ബാക്കിപത്രമാക്കി ജനങ്ങളെ ഞെക്കിപ്പിഴിയുന്നത് എത്രയോ നാളുകളായി നാം സഹിക്കുന്നു.** അഴിമതി അരങ്ങു തകർക്കുമ്പോഴും സംസ്ഥാന സർക്കാർ പൊതു വിപണിയിൽ നിന്ന് കടമെടുത്ത് ദൈനംദിന കാര്യങ്ങൾ ചെയ്യുന്ന സ്ഥിരം നടപടി തുടരുകയാണ്. വരുമാനം കൂട്ടാൻ 3000 കോടിയുടെ അധികനികുതി ഏർപ്പെടുത്തിയിട്ടും വീണ്ടും വീണ്ടും കടം വാങ്ങേണ്ട ഗതികേട് 2014 മാർച്ച് 31 വരെ 1,17,595.70 കോടിയായിരുന്നു കേരളത്തിന്റെ പൊതുകടം. ഇപ്പോഴത് ഏതാണ്ട് 1,27,000 കോടി രൂപയാകുന്നു. ഈ സാമ്പത്തിക വർഷാവസാനം പൊതുകടം 1,31,578 കോടി രൂപയാകാൻ സാധ്യതയേറെ. മുഖഛായ, പ്രതിഛായ, ആദർശധീരത എന്നീ സുന്ദരപദങ്ങൾ ഇടകലർത്തി ഇതിന്റെ പിന്നിലെ അന്തർനാടകങ്ങളെ നമുക്കുകാണാം. ജനാധിപത്യത്തിന്റെ നന്മയും പവിത്രതയും ആവോളം അനുഭവിച്ച് ആസ്വദിച്ചിട്ട് ജനാധിപത്യത്തെത്തന്നെ കശാപ്പുചെയ്യുന്ന കൊടുംക്രൂരതയാണ് ഇന്നീ നാട്ടിൽ. ഒരു സമ്പൂർണ്ണ മാറ്റത്തിന്റെ സമയമായി. ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ ഈ പുണ്യഭൂമിയുടെ ഭാവി അധോലോകത്തിന്റെയും അദൃശ്യശക്തികളുടെയും കൈകളിലാകും.



**ഷെവലിയർ വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

## ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി ദേശീയ പ്രസിഡന്റ് വിൻസന്റ് എച്ച് പാല എംപി കേരളത്തിൽ



ന്യൂഡൽഹി: ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി നാഷണൽ പ്രസിഡന്റ് വിൻസന്റ് എച്ച് പാല എംപി ഡിസംബർ 5,6,7 തീയതികളിൽ കേരളം സന്ദർശിക്കുന്നു. കേരളത്തിലെ വിവിധ ക്രൈസ്തവ സഭകളുടെ തലവന്മാരും അല്മായ പ്രമുഖരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുന്നതാണ്. ഡിസംബർ 5ന് ഉച്ചകഴിഞ്ഞ് മൂന്ന്മണിക്ക് ഭാരത കത്തോലക്കാമെത്രാൻ സമിതി അല്മായ കൗൺസിൽ ചെയർമാനും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനുമായ മാർ മാത്യു അറയ്ക്കൽ സ്വീകരണം നൽകും. ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, നാഷണൽ കോർഡിനേറ്റർ സിറിൾ സഞ്ജു ജോർജ്ജ് എന്നിവർ പങ്കെടുക്കും.

ദേശീയ തലത്തിൽ വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ ഐക്യവും കൂട്ടായ പ്രവർത്തനവും വളരെ അടിയന്തിര വിഷയമാണെന്നും വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ നേതൃത്വങ്ങളുമായുള്ള കൂടിക്കാഴ്ചകളും ചർച്ചകളും അതിനുള്ള വഴിയൊരുക്കുമെന്നും ദേശീയ കോർഡിനേറ്റർ സിറിൾ സഞ്ജു ജോർജ് പറഞ്ഞു.

### ഇന്ത്യയിൽ ക്രൈസ്തവ സ്ഥാപനങ്ങളെ ലക്ഷ്യമിട്ട് തീവ്രവാദ അജണ്ടകൾ; സരസ്വതി ദേവിയുടെ ചിത്രം സ്കൂളുകളിൽ വെയ്ക്കണം

**വൈദികരെ "ഫാദർ" എന്നുവിളിക്കാൻ പാടില്ല. സാന്താക്ലോസിനും വിലക്ക്. ക്രൈസ്തവ സ്കൂളുകളിൽ പ്രാർത്ഥനാമുറിയും പ്രാദേശിക ഉസ്താതിന്റെ സേവനവും വേണമെന്ന് മുസ്ലീം തീവ്രവാദസംഘടനകളും. തങ്ങൾക്ക് ഉപകരിക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്രൈസ്തവ നേതൃത്വം എന്തിനുവേണ്ടി, ആർക്കുവേണ്ടി നടത്തുന്നുവെന്ന് വിശ്വാസികളും ചോദിക്കുന്നു.**

## "മതസൗഹാർദ്ദത്തിന് മങ്ങലേൽക്കുന്നുവോ?"

കോടാനുകോടി ജനങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്ന മതസൗഹാർദ്ദത്തിന് മങ്ങലേൽക്കുന്ന വാർത്തകളും സംഭവങ്ങളുമാണ് ഓരോ ദിവസവും ഭാരതത്തിന്റെ വിവിധ കോണുകളിൽ നിന്നുമുയരുന്നത്.

നരേന്ദ്രമോദി സർക്കാർ അധികാരമേറ്റതിനുശേഷം മെയ്മുതൽ സെപ്തംബർ വരെയുള്ള കാലഘട്ടത്തിൽ ന്യൂനപക്ഷങ്ങൾക്കെതിരെ 600-ൽ പരം ആക്രമണങ്ങൾ ഉണ്ടായതായി ഈശോസഭയുടെ സൗത്ത് ഏഷ്യയിലെ സാമൂഹ്യപ്രവർത്തനവിഭാഗമായ "ജെസ" റിപ്പോർട്ടുചെയ്യുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുയരുന്ന വാർത്തകൾ ആശങ്കാജനകമാണ്. ഛത്തീസ്ഗഢിലെ കത്തോലിക്കാ സ്കൂളിലെ അദ്ധ്യാപകരെ വിദ്യാർത്ഥികൾ ഫാദർ എന്ന് അഭിസംബോധന ചെയ്യരുതെന്നും സരസ്വതീദേവിയുടെ ചിത്രങ്ങൾ ആശുപത്രിയിൽ തൂക്കണമെന്നുമാണ് വിശ്വഹിന്ദുപരിഷത്ത് പ്രവർത്തകർ നിർദ്ദേശിച്ചത്. ബസ്തറിലെ നിർമ്മൽ ഹയർ സെക്കണ്ടറി സ്കൂളിലാണ് വിഎച്ച്പി പ്രവർത്തകർ ഈ നിർദ്ദേശങ്ങൾ അടിച്ചേൽപ്പിച്ചത്. വിശ്വഹിന്ദു പ്രവർത്തകർ സ്കൂളിൽ പ്രതിഷേധം ഉയർത്തി രംഗത്തെത്തിയത് തെറ്റിദ്ധാരണയുടെ പുറത്തായിരുന്നു. ഇതേക്കുറിച്ച് സംസാരിച്ചുതീർക്കാനും സാധിച്ചുവെന്ന് അധികൃതർ പറഞ്ഞു. ചർച്ചയിൽ അവർ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയാണുണ്ടായത്. സ്കൂളിൽ സരസ്വതിയുടെ പ്രതിമ സ്ഥാപിക്കണം എന്നാണ് ഒന്ന്. എന്നാൽ പ്രതിമ സ്ഥാപിക്കാൻ കഴിയില്ലെന്നും പടം വെക്കുന്നതിനു തടസ്സമില്ലെന്നും ഞങ്ങൾ അറിയിക്കുകയായിരുന്നു. സാധാരണ നിലയിൽ ചെയ്യുന്ന കാര്യമാണിത്. സ്കൂളിൽ ചില പ്രത്യേക സന്ദർഭങ്ങളിൽ സരസ്വതീദേവിയുടെ പ്രാധാന്യങ്ങൾ പറയാറും പൂജകളും നടത്താറുണ്ട്. അതുകൊണ്ടുതന്നെ സരസ്വതിയുടെ പടം വെക്കുന്നതിനെ അംഗീകരിക്കുകയായിരുന്നു. കൂടാതെ പറഞ്ഞ മറ്റൊരു കാര്യം വൈദികരായ അദ്ധ്യാപകരും ഫാദർ എന്ന് ഹിന്ദുകുട്ടികളെക്കൊണ്ട് വിളിപ്പിക്കരുത് എന്നായിരുന്നു. ഇക്കാര്യത്തിൽ യാതൊരു നിർബന്ധവും സ്കൂൾ മാനേജ്മെന്റ് ഇതുവരെ പുലർത്തിയിരുന്നില്ല. പകരം സർ എന്ന് വിളിച്ചാൽ മതിയെന്ന നിർദ്ദേശവും അംഗീകരിക്കുകയായിരുന്നു. ഇതോടെ വിഎച്ച്പിക്കാരുടെ തെറ്റിദ്ധാരണകൾ നീങ്ങുകയാണ് ഉണ്ടായത്.

99 ശതമാനവും ഹൈന്ദവർ ഉള്ള പ്രദേശത്താണ് കത്തോലിക്കാ സഭയുടെ സ്കൂളുകൾ നടക്കുന്നത്. ഈ സമുദായവുമായി കത്തോലിക്കാസഭ നല്ല ബന്ധമാണ് പുലർത്തിപ്പോരുന്നതും. 1972ലാണ് ബസ്തറിലെ നിർമ്മൽ സ്കൂൾ സഭ ആരംഭിക്കുന്നത്. ഇപ്പോൾ പലഭാഗങ്ങളിലായി 22ഓളം സ്കൂളുകൾ സഭയ്ക്കുണ്ട്. കൂടാതെ ആതുര സേവനരംഗത്തും സഭ നിർണ്ണായക ഇടപെടൽ നടത്തുന്നുണ്ട്. ബാസ്തർ കാത്തലിക് ചർച്ചിന്റെ കീഴിൽ ഒരു വലിയ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അനാഥാലയങ്ങളും ബോർഡിംഗുകളും പ്രവർത്തിക്കുന്നുണ്ട്.

# വിശുദ്ധഗണത്തിൽ പ്രഭയേകി ചാവറയച്ചനും എവുപ്രാസ്യമ്മയും



ജോസ് കുമ്പിളുവേലിൽ, ജർമനി




വത്തിക്കാൻസിറ്റി: വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ദൈവാനുഗ്രഹത്തിന്റെ കനകപ്രഭ വിതറിയ ചടങ്ങിൽ ഭാരതസഭയുടെ അതിശ്രേഷ്ഠനായ കർമ്മവര്യൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും, മരിച്ചാലും മറക്കില്ലെന്നോതിയ ധന്യ എവുപ്രാസ്യമ്മ എലുവത്തിങ്കലിനെയും ക്രിസ്തുരാജ തിരുനാളായ നവംബർ 23 ന് ഞായറാഴ്ച രാവിലെ പ്രാദേശിക സമയം പത്തരയ്ക്ക് വിശുദ്ധ പത്രോസിന്റെ ഇരുനൂറ്റിയറുപത്തിയാറാമത്തെ പിൻഗാമിയും സാർവത്രിക കത്തോലിക്കാ സഭയുടെ തലവനുമായ ഫ്രാൻസിസ് ഒന്നാമൻ മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചു.

സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ചത്വരത്തിൽ സഭയുടെ രാജകുമാരന്മാരായ കർദ്ദിനാാൾമാർ, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, വൈദികർ, സന്യസ്തർ എന്നിവർക്കൊപ്പം പതിനയ്യായിരത്തോളം വരുന്ന മലയാളി അല്മായരും പ്രഖ്യാപനത്തിനു സാക്ഷ്യം വഹിച്ചു.

പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള സംഘത്തലവൻ കർദിനാൾ ലെയണാർദോ സാന്ദ്രി, സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സീറോ മലങ്കര സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, ചങ്ങനാശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാവേലിക്കര ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ, കോതമംഗലം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, താമരശേരി ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, തക്കല ബിഷപ് മാർ ജോർജ് രാജേന്ദ്രൻ, ഷിക്കാഗോ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, പാലക്കാട് ബിഷപ് മാർ ജേക്കബ് മനത്തോടത്ത്, ഉജ്ജൈൻ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, ഫരീദാബാദ് ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര, രാമനാഥപുരം ബിഷപ് മാർ പോൾ ആലപ്പാട്ട്, ബിജ്നോർ ബിഷപ് മാർ ജോൺ വടക്കേൽ സിഎംഐ, ജഗദൽപൂർ ബിഷപ് മാർ ജോയി ജോസഫ് കൊല്ലംപറമ്പിൽ സിഎംഐ, രാജ്കോട്ട് ബിഷപ് മാർ ജോസ് ചിറ്റൂപ്പറമ്പിൽ സിഎംഐ, മഡഗാസ്കർ-പോട്ട് ബെർഗ് ബിഷപ് ജോർജ് വർക്കി, ബിജ്നോർ മുൻ ബിഷപ് ഗ്രേഷ്യൻ മുണ്ടാടൻ സിഎംഐ, തൃശൂർ മുൻ ആർച്ച്ബിഷപ് മാർ ജേക്കബ് തൂങ്കുഴി തുടങ്ങിയവരും സിഎംഐ പ്രിയോർ ജനറൽ റവ.ഡോ. പോൾ ആച്ചാണ്ടി, വിശുദ്ധ ചാവറയച്ചന്റെയും വിശുദ്ധ എവുപ്രാസ്യമ്മയുടെയും പോസ്റ്റുലേറ്റർ റവ.ഡോ. ചെറിയാൻ തുണ്ടുപറമ്പിൽ സിഎംഐ, ജനറൽ കൗൺസിലർ റവ.ഡോ. ജോർജ് താഞ്ചൻ, സിഎംഐ മുൻ പ്രിയോർ ജനറൽ ഫാ. ജോസ് പന്തല്ലാംതൊട്ടിയിൽ, സിഎംഐ പ്രൊവിൻഷ്യൽമാർ എന്നിവരുൾപ്പെടെ ഇന്ത്യക്കാരായ എണ്ണൂറിലധികം വൈദികരും തിരുക്കർമങ്ങളിൽ പങ്കെടുത്ത് മാർപാപ്പായോടൊപ്പം സമൂഹബലി അർപ്പിച്ചു.

മാർപാപ്പയുടെ വരവിനു മുമ്പായി ആകാശമോക്ഷത്തിൻ പ്രഭയിൽ എന്നു തുടങ്ങുന്ന ഗാനം മലയാളി ഗായകസംഘം ആലപിച്ചതു മുതൽ കർമ്മങ്ങളുടെ ഭക്തിസാന്ദ്രത വിശ്വാസികൾ ഏറ്റുവാങ്ങിയിരുന്നു. സകല വിശുദ്ധരുടെയും ലുത്തിനിയ ഉരുവിട്ടതിനു ശേഷം വിശുദ്ധരാക്കപ്പെടുന്നവരുടെ ലഘു ജീവചരിത്രങ്ങൾ അവതരിപ്പിച്ചു കൊണ്ടാണ് ചടങ്ങിന് തുടക്കമായത്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ, വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മ, ഇറ്റലിക്കാരായ ജൊവാനി അന്തോണിയോ ഫെരീന, അമാത്തോ റങ്കോണി, നിക്കോള ദ ലോംഗോബാർഡി, ലുദോവികോ ദ കസോറിയ തുടങ്ങിയ ആറു പേരെയും വിശുദ്ധരുടെ പട്ടികയിൽ ചേർക്കണമെന്നു വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള സംഘത്തിന്റെ തലവൻ കർദിനാൾ ആഞ്ചലോ അമാത്തോ മാർപാപ്പായോടഭ്യർഥിച്ചു. തുടർന്നു മാർപാപ്പയുടെ ശ്ലൈഹികാധികാരത്താലും ദിവ്യാനുഗ്രഹത്താലും ആറുപേരെയും വിശുദ്ധരായി പ്രഖ്യാപിച്ചു. ആമ്മേൻ, എന്നു ഗായകസംഘം ഉപസംഹരിച്ചപ്പോൾ സാക്ഷ്യം വഹിച്ച വിശ്വാസിഗണം ആമ്മേൻ എന്ന് ഏറ്റുപാടി മാർപാപ്പയുടെ പ്രഖ്യാപനം സ്വീകരിച്ചു.

പ്രഖ്യാപനം അവസാനിച്ചക്ഷണത്തിൽ തന്നെ സെന്റ് പീറ്റേഴ്സ് ചത്വരം പ്രാർത്ഥനയിൽ പ്രകമ്പനംകൊണ്ടു. ഭാരതസഭയ്ക്കു രണ്ടു വിശുദ്ധരെക്കൂടി ലഭിച്ചതിന്റെ ആഹ്ളാദത്തിൽ, സന്തോഷാരവത്താൽ ഇന്ത്യയിൽ നിന്നെത്തിയവർ ദേശീയ പതാക, ഷാൾ എന്നിവ വീശിയും ആർപ്പുവിളിച്ചും, ഉച്ചത്തിൽ കരഘോഷം മുഴക്കിയും ദൈവത്തിന് നന്ദി പ്രകാശിപ്പിച്ചു.

തുടർന്നു സാർവത്രികസഭയുടെ വണക്കത്തിനായി നവവിശുദ്ധരുടെ തിരുശേഷിപ്പുകൾ അൾത്താരയ്ക്കു സമീപമുള്ള പീഠത്തിൽ പ്രതിഷ്ഠിച്ചു. വിശുദ്ധ ചാവറയച്ചന്റെ തിരുശേഷിപ്പ് വൈസ് പോസ്റ്റുലേറ്റർ ഫാ. ജയിംസ് മഠത്തിക്കണ്ടമാണ് സംവഹിച്ചത്. വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുശേഷിപ്പ് സിഎംസി സുപ്പീരിയർ ജനറൽ മദർ സാങ്റ്റയും സംവഹിച്ചു.

ചാവറയച്ചൻ സ്ഥാപിച്ച മാന്നാനം ആശ്രമത്തിന്റെ പ്രിയോർ ഫാ. സെബാസ്റ്റ്യൻ ചാമത്തറ സിഎംഐ, തൃശൂർ സിഎംസി പ്രൊവിൻഷ്യൽ മദർ ഓമർ എന്നിവർ കത്തിച്ച മെഴുകുതിരി സംവഹിച്ചു. സിസ്റ്റർ റോസ്മേരി സിഎംസി പൂത്താലം വഹിച്ചു. മന്ത്രി കെ.സി.ജോസഫ് പുഷ്പങ്ങളും വഹിച്ചു.

മാർപാപ്പയുടെ ഗ്ലോറിയ സ്തുതിപ്പിൽ മലയാളി ഗായകസംഘങ്ങൾക്കൊപ്പം ചത്വരത്തിൽ പ്രാർത്ഥനയിലായിരുന്നവിശ്വാസി ഗണം ഏറ്റുപാടിയത് ദൈവപുകഴ്ചയുടെ നിറകുടമായി. പിന്നീടു വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വായനകൾക്കും പ്രത്യേകത നിറഞ്ഞിരുന്നു.

ക്രിസ്തുരാജ തിരുനാൾ ദിനായിരുന്നതിനാൽ തിരുനാളിനുകൂടി യോജിച്ച വായനകളാണ് വിശുദ്ധപദ പ്രഖ്യാപന തിരുക്കർമങ്ങൾക്കായി തെരഞ്ഞെടുത്തത്. ഒന്നാമത്തെ വായന എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ളതായിരുന്നു. രണ്ടാമത്തെ വായന വിശുദ്ധ എവുപ്രാസ്യമ്മയുടെ വൈസ് പോസ്റ്റുലേറ്റർ സിസ്റ്റർ ക്ലെയോപാട്ര സിഎംസി ഇംഗ്ലീഷിലാണ് വായിച്ചത്. കൊറീന്ത്യർക്ക് എഴുതിയ ലേഖനം 15-ാം അധ്യായം 20 മുതൽ 26 വരെയുള്ള തിരുവചനങ്ങളാണ് സിസ്റ്റർ വായിച്ചത്. വി.മത്തായിയുടെ സുവിശേഷം 25-ാം അധ്യായം 31 മുതൽ 46 വരെയുള്ള വാക്യ

ങ്ങൾ ലത്തീൻ ഭാഷയിലും ഗ്രീക്കു ഭാഷയിലുമാണ് വായിച്ചത്. കർമ്മങ്ങൾക്കിടയിൽ മാർപാപ്പ നൽകിയ സന്ദേശം ഇങ്ങനെ ചുരുക്കാം: "ഇന്നു ക്രിസ്തുവിന്റെ രാജത്വ തിരുനാളാണ്. നല്ല ഇടയനായ ക്രിസ്തു കരുണയും സ്നേഹവും നിറഞ്ഞവനായിരുന്നു. ഇന്നു നാമകരണം ചെയ്യപ്പെടുന്നവരെല്ലാം അവരുടെ ജീവിത സാഹചര്യങ്ങളിൽ കരുണയും സ്നേഹവും പ്രകടിപ്പിച്ചവരും, ആയതുകൊണ്ട് അവർ തീർച്ചയായും അനുകരണയോഗ്യരായി ദൈവതിരുസന്നിധിയിൽ എത്തി".

വിശ്വാസപ്രമാണത്തിനു ശേഷം കാറോസുസ വിവിധ ഭാഷകളിലാണ് ചൊല്ലിയത്. ഒന്നാമത്തേത് മലയാളത്തിലായിരുന്നു. ജറുസലേം ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഡേവിസ് പട്ടത്ത് സിഎംഐ ആണ് ഇത് ചൊല്ലിയത്. വിശുദ്ധ കുർബാനയുടെ കാഴ്ചവയ്പ് പ്രദക്ഷിണത്തിൽ കാഴ്ചദ്രവ്യങ്ങൾ സംവഹിച്ചതു ചാവറയച്ചന്റെ മധ്യസ്ഥതയാൽ രോഗശാന്തി ലഭിച്ച മരിയ ജോസ് കൊട്ടാരത്തിൽ, മാതാപിതാക്കളായ ജോസ് തോമസ്, മേരിക്കുട്ടി, മരിയ ജോസിന്റെ സഹോദരനും വൈദികവിദ്യാർഥിയുമായ ബ്രദർ ജോർജ് കൊട്ടാരത്തിൽ, സഹോദരൻ ഫെബിൻ എന്നിവരും, എവുപ്രാസ്യമ്മയുടെ മധ്യസ്ഥതയിൽ അദ്ഭുതസൗഖ്യം നേടിയ

ജൂവൽ ജെൻസൻ കണ്ണംകുന്നി, മാതാപിതാക്കൾ ജെൻസൻ, റീന എന്നിവരുമാണ്.

വത്തിക്കാൻ ഗായകസംഘവും ഇന്ത്യൻ ഗായകസംഘവും കർമങ്ങൾക്കു ദിവ്യഗീതങ്ങൾ ആലപിച്ചു. മലയാളി ഗായകസംഘത്തിൽ അൻപത് അംഗങ്ങളുണ്ടായിരുന്നു. ഫാ. സെബാസ്റ്റ്യൻ മുട്ടംതോട്ടിൽ എംസിബിഎസ്, ഫാ. രാജേഷ് കവലയ്ക്കൽ സിഎംഐ, ഫാ. ജൈജു കളമ്പുകാട്ട് സിഎംഐ, സിസ്റ്റർ ആനി ഗ്രേയ്സ് സിഎംസി, സിസ്റ്റർ ജിസി മരിയ സിഎംസി, ജ്യോതിഷ് വർക്കി കണ്ണംപ്ലാക്കൽ എന്നിവർ നയിച്ചു. ഡെൽറ്റസ്, ഫാ. ജൂബി, സുനിൽ, ബ്രദർ ജോയൽ തുടങ്ങിയവർ ഓർക്കസ്ട്രയ്ക്കു നേതൃത്വം നൽകി. റോമിലുള്ള സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ സമൂഹങ്ങളിലെ പ്രശസ്തഗായകരും വിവിധ സന്യാസിനീ-സന്യാസ സഭാംഗങ്ങളും വിവിധ രൂപതകളിൽനിന്നുള്ള വൈദികരും വൈദിക വിദ്യാർഥികളുമാണ് ഗായകസംഘത്തിലുണ്ടായിരുന്നത്. ഫാ. റോയി കണ്ണൻചിറ സിഎംഐ രചിച്ച് ഫാ. ആന്റണി ഉരുളിയാനിക്കൽ സിഎംഐ ഈണം പകർന്ന 'ആകാശമോക്ഷത്തിൻ പ്രഭയിൽ' എന്നു തുടങ്ങുന്ന ഗാനവും, ഫാ. ചെറിയാൻ കുനിയന്തോടത്ത് രചിച്ച് അമൽ ആന്റണി ഈണം നൽകിയ 'കാലമുയർത്തിയ' എന്ന ഗാനവുമാണു തിരുക്കർമങ്ങളിൽ പാടിയത്.

മാർപാപ്പ ത്രികാലജപം ചൊല്ലിയശേഷം എല്ലാവർക്കും ആശീർവാദം നൽകി. മാർപാപ്പ ഇന്ത്യയുടെ, പ്രത്യേകിച്ചു കേരളത്തിന്റെ ആത്മീയതയെയും വിശ്വാസ തീക്ഷ്ണതയെയും പ്രകീർത്തിച്ചു സംസാരിച്ചാ ണ് കർമങ്ങൾ പൂർത്തീകരിച്ചത്.

തിരുക്കർമങ്ങൾക്കുശേഷം പാപ്പാ സീറോ മലബാർ, സീറോ മലങ്കര മേജർ ആർച്ച്ബിഷപ്പുമാരായ കർദിനാൾ മാർ ആലഞ്ചേരി, കർദിനാൾ മാർ ക്ലീമിസ് എന്നിവരുടെയും മറ്റു കർദിനാൾമാരുടെയും ആർച്ച്ബിഷപ്പുമാരുടെയും ഇടയിലേയ്ക്കിറങ്ങി ഓരോരുത്തരുമായി സൗഹൃദം പങ്കുവെച്ചു. പിന്നീടു പോപ്പ് മൊബീലിൽ ജനങ്ങളുടെ ഇടയിലെത്തിയ പാപ്പാ കുഞ്ഞുങ്ങളെയും വികലാംഗരെയും ആശീർവദിച്ചും മുത്തം നൽകിയും അനുഗ്രഹിച്ചു. പാപ്പാ അടുത്തെത്തിയപ്പോൾ ഇൻഡ്യയുടെ ത്രിവർണ പതാകകൾ മാനത്തു വീണ്ടും ഉയർന്നുപാറി. നീലത്തൊപ്പിയും സ്കാർഫും ധരിച്ച മലയാളികൾ വിശുദ്ധ



പത്രോസിന്റെ ചത്വരത്തിൽ ആവേശത്തിന്റെ നീലക്കടൽ തീർത്തതും പാപ്പയ്ക്കു മാത്രമല്ല മറ്റു രാജ്യക്കാർക്കും കൗതുകമായി. നാട്ടിൽ നിന്നു ഫാ. സിറിയക് മഠത്തിൽ സിഎംഐ ആണ് നീലത്തൊപ്പികളും സ്കാർഫും മറ്റും വത്തിക്കാനിൽ എത്തിച്ചത്.

ചടങ്ങുകൾക്ക് സാക്ഷ്യം വഹിയ്ക്കാൻ വിശുദ്ധ ചാവറയച്ചന്റെയും വിശുദ്ധ എവുപ്രാസ്യമ്മയുടെയും കുടുംബങ്ങളിൽപ്പെട്ട ഇരുന്നൂറിലധികം പേർ വത്തിക്കാനിൽ എത്തിയിരുന്നു. ആറുപേരുടെയും നാമകരണ വീക്ഷിയ്ക്കാൻ ചടങ്ങുകളിൽ പങ്കെടുക്കാൻ വിവിധ രാജ്യങ്ങളിൽ നിന്നായി ഒരുലക്ഷത്തിലേറെ വിശ്വാസികൾ ഉൾപ്പടെ ഏകദേശം നാലു ലക്ഷം പേർ വിശുദ്ധ പത്രോസിന്റെ ചത്വരത്തിലെത്തി എന്നാണ് അനൗദ്യോഗിക കണക്ക്. കർമ്മങ്ങൾ നടന്ന രാവിലെ വത്തിക്കാനിൽ ചാറ്റൽമഴ ഉണ്ടായെങ്കിലും കർമങ്ങൾ തുടങ്ങിയശേഷം കാലാവസ്ഥയിലുണ്ടായ വ്യതിയാനം ദൈവപരിപാലനയുടെ ഉദാഹരണമായി. നാമകരണ തിരുക്കർമങ്ങളും കുർബാനയും ലത്തീൻ ഭാഷയിലാണ് നടന്നത്.

വിശുദ്ധ പ്രഖ്യാപന ചടങ്ങുകൾ റിപ്പോർട്ട് ചെയ്യാൻ കേരളത്തിൽ നിന്നും ദൃശ്യ/പത്രമാധ്യമങ്ങളുടെ ലേഖകരും കാമറാമാന്മാരും ഉൾപ്പടെ ഒരു വൻ മാധ്യമസംഘം വത്തിക്കാനിലെത്തിയിരുന്നു. ദൃശ്യമാധ്യമങ്ങൾ ചടങ്ങുകളുടെ വാർത്തകളും ദൃശ്യങ്ങളും തത്സമയം സംപ്രേക്ഷണം ചെയ്തിരുന്നു. ചടങ്ങുകൾ റിപ്പോർട്ടു ചെയ്യാൻ മീഡിയ സെൽ സജ്ജീകരിച്ചി രുന്നു. ജർമനി, ബ്രിട്ടൻ, ഇറ്റലി തുടങ്ങി നിരവധി രാജ്യങ്ങളിൽ നിന്നുള്ള മാധ്യമ പ്രതിനിധിക ളും റോയിട്ടേഴ്സ് ഉൾപ്പെടെയു ള്ള വാർത്താ ഏജൻസികളും നാമകരണ ചടങ്ങുകൾ റിപ്പോർട്ട് ചെയ്യാൻ വത്തിക്കാനിലെത്തിയത് ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണ ലിപികളിൽ എക്കാലവും തിളങ്ങി നിൽക്കും.

ചാവറയച്ചനും എവുപ്രാസ്യമ്മയും അടക്കം ആറു പേരുടെ വിശുദ്ധപദവി പ്രഖ്യാപനത്തിനു മുന്നോടിയായുള്ള ജാഗരണ പ്രാർഥന നവംബർ 22ന് നടന്നു. റോമിലെ സാന്താ മരിയ മജോരെ ബസിലിക്കയിലായിരുന്നു മലയാളം ദിവ്യഗീതങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രാർഥന. മലയാളികൾ അടക്കം അമ്പതുപേരുള്ള ഇന്ത്യൻ ഗായകസംഘം വിശുദ്ധരായി പ്രഖ്യാപിക്കുന്ന ചടങ്ങിലും പങ്കെടുത്തു. സീറോ മലബാർ ആരാധനക്രമത്തിലായിരുന്നു ജാഗരണ പ്രാർഥന. ചാവറയച്ചന്റെയും എവുപ്രാസ്യമ്മയുടെയും രൂപങ്ങൾ പ്രാർഥനാസമയത്ത് ബസലിക്കയുടെ മദ്ബഹയിൽ പ്രതിഷ്ഠിച്ചിരുന്നു.


ഫ്രാൻസീസ് പാപ്പയുമായി

കാനാൻദേശം

ബൈബിൾ റിയാലിറ്റി ഷോ

ഡിവൈൻ ഗുഡ്നെസ് ടിവി ചാനലുകളിൽ




www.goodnesstv.tv

Sunday 7:30PM, Monday 7:30AM, Wednesday 2:00PM, Friday 4:00PM

## ചാവറയച്ചന്റെയും എവുപ്രാസ്യമ്മയുടെയും വിശുദ്ധ പദവി

# ഭാരത കത്തോലിക്കാ സഭയുടെ കൃതജ്ഞതാബലി



കൊച്ചി: ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും എവുപ്രാസ്യമ്മയെയും വിശുദ്ധരായി പ്രഖ്യാപിച്ചതിനോടനുബന്ധിച്ചു കാക്കനാട് രാജഗിരിവാലിയിലെ ചാവറ -എവുപ്രാസ്യ നഗറിൽ ഭാരത കത്തോലിക്കാ സഭ കൃതജ്ഞതാബലി അർപ്പിച്ചു. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയിൽ സീറോ മലങ്കര മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലയോസ് ക്ലീമിസ് കാതോലിക്കാബാവയാണു വചനസന്ദേശം നൽകിയത്. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ഡോ. സാൽവത്തോരെ പെനാക്കിയോ, ആർച്ച്ബിഷപ്പുമാരായ മാർ ജോസഫ് പെരുന്തോട്ടം, മാർ ആൻഡ്രൂസ് താഴത്ത്, മാർ മാത്യു മൂലക്കാട്ട്, മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞെരളക്കാട്ട്, ഡോ.എം. സൂസപാക്യം, ഡോ. ഏബ്രഹാം വിരുത്തുകുളങ്ങര, ഡോ. ലെയോ കൊർണേലിയോ, ബിഷപ്പുമാരായ മാർ ജോസഫ് കുന്നത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ ജോൺ വടക്കേൽ, മാർ എഫ്രേം നരികുളം, മാർ പോളി കണ്ണൂക്കാടൻ, മാർ ജോർജ് മഠത്തിക്കണ്ടം, മാർ സൈമൺ സ്റ്റോക് പാലത്തറ, മാർ തോമസ് ചക്യത്ത്, മാർ ജോസ് പൊരുന്നേടം, മാർ മാത്യു വാണിയക്കിഴക്കേൽ, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജേക്കബ് മനത്തോടത്ത്, മാർ ജോസ് ചിറ്റൂപ്പറമ്പിൽ, മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ, മാർ ഗ്രേഷ്യൻ മുണ്ടാടൻ, മാർ പോൾ ചിറ്റിലപ്പിള്ളി, ഡോ. ജോസഫ് കരിയിൽ, ഡോ. സ്റ്റാൻലി റോമൻ, ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ, ഡോ. ജോസഫ് കാരിക്കശേരി, ഡോ. ജെറാൾഡ് അൽമെയ്ഡ, ഡോ.ഇഗ്നേഷ്യസ് മെനേസിസ്, ഡോ. ജോൺ കല്ലിസ്റ്റ്, ജോഷ്വ മാർ ഇഗ്നാത്തിയോസ്, യോഹന്നാൻ മാർ ക്രിസോസ്റ്റം, തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ് എന്നിവർ കൃതജ്ഞതാബലിയിൽ സഹകാർമികരായി. സിഎംഐ പ്രിയോർ ജനറൽ റവ.ഡോ. പോൾ ആച്ചാണ്ടി, കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ. വർഗീസ് വള്ളിക്കാട്ട്, വരാപ്പുഴ വികാരി ജനറൽ മോൺ. ജോസ് പടിയാരംപറമ്പിൽ, സിഎംഐ ജനറൽ കൗൺസിലർമാർ, വിവിധ സന്യസ്ത സഭകളുടെ സുപ്പീരിയർ ജനറൽമാർ എന്നിവരും ദിവ്യബലിയിൽ സഹകാർമികത്വം വഹിച്ചു.

## ഡൽഹിയിൽ കത്തോലിക്കാ ദേവാലയം കത്തി നശിച്ചു

# ദുരൂഹതകളേറെ; ക്രൈംബ്രാഞ്ച് അന്വേഷണം



ന്യൂഡൽഹി: കിഴക്കൻ ഡൽഹിയിലെ ദിൽഷാദ് ഗാർഡനിൽ കത്തോലിക്കാ ദേവാലയം ദുരൂഹ സാഹചര്യത്തിൽ കത്തി നശിച്ചു. ദിൽഷാദ് ഗാർഡനിലെ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയാണ് ആസൂത്രിതമെന്നു സംശയിക്കുന്ന തീപിടിത്തത്തിൽ അൾത്താരയടക്കം പൂർണമായും കത്തി നശിച്ചത്. സംഭവസ്ഥലത്തുനിന്നു മണ്ണെണ്ണക്കുപ്പി കണ്ടെത്തിയതു സംഭവത്തിലെ ദുരൂഹതയിലേക്കാണു വിരൽ ചൂണ്ടുന്നതെന്നു മലയാളികൾ ഏറെയുള്ള ഇടവകക്കാർ ചൂണ്ടിക്കാട്ടി.

സെക്യൂരിറ്റി ജീവനക്കാരൻ ജോലി അവസാനിപ്പിച്ചു പോയ സമയത്താണ് അൾത്താരയിൽ തീപടർന്നത്. തൊട്ടടുത്തുള്ള ഓർത്തഡോക്സ് പള്ളിയിലെ സെക്യൂരിറ്റി ജീവനക്കാരൻ പോലീസിൽ വിവരമറിയിച്ചതിനെത്തുടർന്നാണു ഫയർഫോഴ്സ് എത്തിയത്. പള്ളിയിലേക്കുള്ള വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ടിരുന്നില്ലെന്നതു തീപിടിത്തതിനു കാരണം ഷോർട്ട് സർക്യൂട്ട് അല്ലെന്നു തെളിയിക്കുന്നതായി ഇടവകക്കാർ പറഞ്ഞു.

അൾത്താരയും സക്രാരിയും പൂർണമായും കത്തിയുരുകിയെങ്കിലും സക്രാരിയിലെ അരുളിക്കയിൽ സൂക്ഷിച്ചിരുന്ന വിശുദ്ധ കുർബാനയ്ക്കു നാശമൊന്നും സംഭവിച്ചില്ല. എന്നാൽ, ക്രൂശിതരൂപം കത്തിക്കരിഞ്ഞ നിലയിലാണ്. ബൈബിളും വൈദികർ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങളും കാസ, പീലാസ തുടങ്ങിയവയും കത്തി നശിച്ചു.

പോലീസെത്താൻ വൈകിയതിലും കേസന്വേഷണം ഫലപ്രദമായി നടത്താത്തതിലും പ്രതിഷേധിച്ച് ഇടവകജനങ്ങളും നാട്ടുകാരും ഏറെ നേരം പ്രദേശത്തെ ജിടിബി നഗർ പോലീസ് സ്റ്റേഷനും റോഡും ഉപരോധിച്ചു. സംഭവത്തിനു പിന്നിൽ ദുരൂഹതയുണ്ടെന്നും ആസൂത്രിതമായ ഗൂഢാലോചനയുണ്ടെന്നും പള്ളി വികാരിമാരായ ഫാ. ആന്റണി ഫ്രാൻസീസും ഫാ. കുരുവിള മരോട്ടിക്കലും ആരോപിച്ചു.

ഡൽഹി അതിരൂപത ആർച്ച്ബിഷപ് ഡോ. അനിൽ കൂട്ടോ, ഫരീദാബാദ് രൂപത ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, മലങ്കരസഭാ ബാഹ്യകേരള ബിഷപ് ജേക്കബ് മാർ ബർണബാസ്, സിബിസിഐ ഡെപ്യൂട്ടി സെക്രട്ടറി ജനറലും വക്താവുമായ ജോസഫ് ചിന്നയ്യൻ, ഫരീദാബാദ്, ഡൽഹി രൂപതകളിലെ വികാരി ജനറാൾമാരായ ഫാ. സെബാസ്റ്റ്യൻ വടക്കുംപാടൻ, ഫാ. മാത്യു കോയിക്കൽ, ചാൻസലർ ഫാ. സ്റ്റാൻലി കോഴിച്ചിറ, ഫരീദാബാദ് രൂപതാ പ്രൊക്യുറേറ്റർ ഫാ. ജെറ്റോ തോട്ടുങ്കൽ എന്നിവരുൾപ്പെടെ നിരവധി വൈദികരും സന്യസ്തരും സംഭവസ്ഥലം സന്ദർശിച്ചു.

ഇന്ത്യൻ ക്രിസ്ത്യൻ കമ്യൂണിറ്റി ദേശീയ സെക്രട്ടറി അഡ്വ. ഏബ്രഹാം പട്യാനി, ദേശീയോദ്ഗ്രഥന കൗൺസിൽ അംഗം ഡോ. ജോൺ ദയാൽ തുടങ്ങി നിരവധി പേർ സംഭവസ്ഥലത്തെത്തി.

പതിന്നാലു വർഷം മുമ്പാണു 800ൽ അധികം കുടുംബങ്ങളുള്ള ഈ ഇടവകപ്പള്ളി പണിയുന്നത്. ഇവിടെ ആരാധനയ്ക്കെത്തുന്ന വിശ്വാസികളിൽ ഭൂരിഭാഗവും മലയാളികളാണ്. ലത്തീൻ സഭയുടെ ഇടവകയുടെ പേര് സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് എന്നും സീറോ മലബാർ സഭയുടെ ഇടവകയുടെ പേര് സെന്റ് ഫ്രാൻസിസ് അസീസി ഫൊറോന ചർച്ച് എന്നുമാണ്. രണ്ടു വിഭാഗങ്ങൾക്കുമായി അൾത്താരയോടു ചേർന്നു രണ്ടു സങ്കീർത്തികളും ഉണ്ടായിരുന്നു. ഇതിൽ സീറോ മലബാർ സഭയുടെ സങ്കീർത്തിയാണു പൂർണമായും കത്തി നശിച്ചത്.

പള്ളി ദുരൂഹ സാഹചര്യത്തിൽ കത്തിയ സംഭവം തികച്ചും അപലപനീയമാണെന്നും ഇതേക്കുറിച്ചു നേരിട്ട് അന്വേഷിച്ചു പാർല പാർലമെന്റിനെ വിവരം അറിയിക്കുമെന്നും ലോക്സഭയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ് അറിയിച്ചു.

ക്രൈസ്തവ ദേവാലയം അഗ്നിക്കിരയായ കേസ് ഡൽഹി പോലീസിന്റെ പ്രത്യേക സംഘം അന്വേഷിക്കും. ഡൽഹി ലഫ്. ഗവർണർ നജീബ് ജംഗാണു പ്രത്യേക അന്വേഷണം പ്രഖ്യാപിച്ചത്. പോലീസ് ജോയിന്റ് കമ്മീഷണർക്കാണ് അന്വേഷണച്ചുമതല. സംഭവം ക്രൈംബ്രാഞ്ചിന്റെ പ്രത്യേക സംഘം അന്വേഷിക്കുമെന്നു ഡൽഹി പോലീസ് കമ്മീഷണർ ബി. എസ്. ബസ്സിയും അറിയിച്ചു.

# ഭാരതസഭയുടെ പുണ്യതേജസുകൾ

**ക്രൈസ്തവസഭയുടെ ജ്വലിക്കുന്ന അടയാളങ്ങളാണ് വിശുദ്ധർ. സഭയ്ക്കും സമൂഹത്തിനും വിശ്വാസത്തിനുംവേണ്ടി ജീവിതവും ജീവനും സമർപ്പിച്ചവർ. രണ്ടായിരത്തിലേറെ വർഷം പഴക്കമുള്ള ആഗോള കത്തോലിക്കാ സഭയുടെ വണക്കത്തിനും ആദരവിനുമായി ഇന്ത്യയിൽ നിന്നും ആദ്യം ഉയർത്തപ്പെട്ടത്2008 ഒക്ടോബർ 12ന് വിശുദ്ധ അൽഫോൻസാമ്മയാണ്. തുടർന്ന് 2014 നവംബർ 23ന് വിശുദ്ധ ചാവറ കുര്യാക്കോസ് എലിയാസച്ചനും വിശുദ്ധ എവുപ്രാസ്യാമ്മയും. മാർത്തോമ്മാ ശ്ലീഹാമുതൽ ഭാരതസഭയിൽ ജീവിച്ചു പ്രവർത്തിച്ചവർ വിശുദ്ധരും, വാഴ്ത്തപ്പെട്ടവരും, ധന്യരും, ദൈവദാസരും ആയവർ ഇന്നുവരെ താഴെപ്പറയുന്നവരാണ്:**

**വിശുദ്ധർ:** 1) മാർത്തോമ്മാ ശ്ലീഹാ (മരണം എഡി 72), 2) വിശുദ്ധ ഫ്രാൻസീസ് സേവ്യർ (മരണം 1552), 3) വിശുദ്ധ ഗോൺസാലോ ഗാർസിയ (മരണം 1597), 4) വിശുദ്ധ ജോൺ ഡി. ബ്രിട്ടോ (മരണം 1693), 5) വിശുദ്ധ അൽഫോൻസാമ്മ (മരണം 1946), 6) വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ (മരണം 1871), 7) വിശുദ്ധ എവുപ്രാസ്യാമ്മ (മരണം 1952)

**വാഴ്ത്തപ്പെട്ടവർ:** 1) ഫാ.ജോസഫ് വാസ് (മരണം 1711), 2) മറിയം ത്രേസ്യാ (മരണം 1926), 3) തേവർപറമ്പിൽ കുഞ്ഞച്ചൻ (മരണം 1973), 4) മദർ തെരേസ (മരണം 1997), 5) ദേവസഹായം പിള്ള (മരണം 1752)

**ധന്യർ:** 1) അനസ്താസിയൂസ് ഹാർട്മാൻ ഒഎഫ്എംകാപ് (മരണം 1866), 2) ദിവ്യകാരുണ്യത്തിന്റെ ഫാ.ഔറേലിയൻ ഒസിഡി (മരണം 1963), 3) ഫാ.ആഗ്നലോ ഡിസൂസ (മരണം 1927), 4) ബിഷപ് മാർ തോമസ് കുര്യാളശേരി (മരണം 1921), 5) ഫാ.മാത്യു കദളിക്കാട്ടിൽ (മരണം 1966), 6) സിസ്റ്റർ ഫെർണാണ്ട റീവ (മരണം 1956), 7) ഫാ.സക്കറിയാസ് ഒസിഡി (മരണം 1957)

**ദൈവദാസർ** 1) മാർ മാത്യു കാവുകാട്ട് (മരണം 1969), 2) ഫാ.കോൺസ്റ്റന്റ് ലീവാൻസ് (മരണം 1893), 3) ഫാ.തെയോഫിൻ ഒഎഫ്എം (മരണം 1968), 4) മാർ ഈവാനിയോസ് (മരണം 1953), 5) മദർ പെട്ര ദീനദാസി (മരണം 1976), 6) മദർ ഏലീശ്വാ (മരണം 1913), 7) മാർ മാത്യു മാക്കീൽ (മരണം 1914), 8) ഫാ.തോമസ് പൂതത്തിൽ (മരണം 1943), 9) മോൺ.റെയ്മണ്ട് ഫ്രാൻസീസ് കമില്ലസ് മസ്കറിനാസ് (മരണം 1960), 10) ഫാ.വർഗീസ് പയ്യപ്പിള്ളി (മരണം 1929), 11) ഫാ.അഗസ്റ്റിൻ ജോൺ ഊക്കൻ (മരണം 1956), 12) മോൺ.ജോസഫ് പഞ്ഞിക്കാരൻ (മരണം 1949), 13) ഫാ.ആന്റണി തച്ചുപറമ്പിൽ (മരണം 1963), 14) മോൺ.ലോറൻസ് പുളിയനം (മരണം 1961), 15) മോൺ.റെയ്നോൾഡ് പുരയ്ക്കൽ (മരണം 1986), 16) സിസ്റ്റർ മരിയ സെലിൻ കണ്ണനായ്ക്കൽ (മരണം 1957), 17) പുത്തൻപുരയ്ക്കൽ തൊമ്മച്ചൻ (മരണം 1908), 18) ബിഷപ് ഒറസ്റ്റെസ് മരെൻഗോ (മരണം 1998), 19) ഫാ.കോൺസ്റ്റന്റീനോ വെൻഡ്രാം (മരണം 1957), 20) ജോസഫ് തമ്പി (മരണം 1945), 21) സിസ്റ്റർ റാണി മരിയ (മരണം1995), 22) ഫാ.ജോസഫ് വിതയത്തിൽ (മരണം 1964), 23) ബിഷപ് സ്റ്റെഫാനോ ഫെറാണ്ടോ (മരണം 1978), 24) ഫാ.ഫ്രാൻചെസ്കോ കൺവെർട്ടിനി എസ്ഡിബി (മരണം 1976), 25) മദർ വേറോനിക്ക ഓഫ് പാഷൻ (മരണം 1906), 26) ഫാ.കനിസിയൂസ് സിഎംഐ (മരണം 1998), 27) ബ്രദർ ഫോർത്തുനാത്തൂസ് താൻ ഹോയ്സെർ ഒഎച്ച് (മരണം 2005), 28) മദർ മേരി ഗ്ലോറ്വി (മരണം 1957), 29) ജ്ഞാനിയമ്മ (മരണം 1874).

## പൊതുനന്മയ്ക്കായി പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികൾക്കു കത്തോലിക്കാ കോൺഗ്രസ് പിന്തുണ: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി



ചങ്ങനാശേരി: പൊതുനന്മയ്ക്കായ പ്രവർത്തിക്കുന്ന ഏതൊരു രാഷ്ട്രീയ കക്ഷിക്കും കത്തോലിക്കാ കോൺഗ്രസ് സമയോജിത പിന്തുണ നൽകുമെന്ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ മെത്രാപ്പോലീത്തൻ പള്ളി മൈതാനിയിലെ ചാവറ നഗറിൽ നടന്ന അല്മായ മഹാസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കത്തോലിക്കാ കോൺഗ്രസ് രാഷ്ട്രീയ സംഘടനയല്ല. ഈ സംഘടനയ്ക്കു കക്ഷി രാഷ്ട്രീയവുമില്ല. കത്തോലിക്കാ കോൺഗ്രസിന്റെ വളർച്ചയിൽ രാഷ്ട്രീയക്കാർ ആശങ്കപ്പെടേണ്ടതില്ലെന്നും മേജർ ആർച്ച് ബിഷപ് ചൂണ്ടിക്കാണ്ടി.

സീറോ മലബാർ സഭയുടെ തനതായ സ്വഭാവമുള്ള ഈ സംഘടന സഭയുടെ ശബ്ദമായി മാറണം. കുട്ടനാട് പാക്കേജ്, മലയോര കർഷകരുടെ പ്രശ്നങ്ങൾ, വിദ്യാഭ്യാസ നിഷേധം തുടങ്ങിയ വിഷയങ്ങളിൽ യഥാസമയം അല്മായരുടെ മുന്നേറ്റമുണ്ടാകേണ്ടത് അനിവാര്യമാണെന്നും മേജർ ആർച്ച് ബിഷപ് അഭിപ്രായപ്പെട്ടു.

ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഗർഭഛിദ്രം പോത്സാഹിപ്പിച്ച് ജീവനു ഭീഷണിയാകുന്ന തരത്തിലുള്ള നിയമം പിൻവലിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മദ്യത്തിനും ലഹരി വിപത്തിനുമെതിരെ സഭാംഗങ്ങൾ പോരാടണം. ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ നിഷേധിക്കുന്ന കെ ഇ ആർ പരിഷ്കരണം പിൻവലിക്കണമെന്നും, കാർഷിക മേഖലയുടെ നവോത്ഥാനത്തിന് സർക്കാർ ശക്തമായ നടപടി സ്വീകരിക്കണമെന്നും മാർ പെരുന്തോട്ടം ആവശ്യപ്പെട്ടു.

ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

വികാരി ജനറാൾ മോൺ. ജോസഫ് മുണ്ടകത്തിൽ ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് ജേക്കബ് മുണ്ടയ്ക്കൽ പതാക ഉയർത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ജോജി ചിറയിൽ പ്രമേയം അവതരിപ്പിച്ചു. സി.എഫ്. തോമസ് എം.എൽ.എ., മോൺ. ജയിംസ് പാലയ്ക്കൽ, കത്തീഡ്രൽ വികാരി ഫാ. തോമസ് തുമ്പയിൽ, അതിരൂപത ഡയറക്ടർ ഫാ. ജോസഫ് പനക്കേഴം, എ.കെ.സി.സി. സംസ്ഥാന നിയുക്ത പ്രസിഡന്റ് വി.വി.അഗസ്റ്റിൻ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.ബിജു പറയനിലം, അതിരൂപത പ്രസിഡന്റ് ടോമിച്ചൻ അയ്യരുകുളങ്ങര, ജനറൽ സെക്രട്ടറി സൈബി അക്കര എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിനു മുമ്പ് റെയിൽവേ സ്റ്റേഷനടുത്തുള്ള ബൈപാസ് ജംഗ്ഷനിൽനിന്നും ആരംഭിച്ച വിശ്വാസപ്രഘോഷണറാലി സെൻട്രൽ ജംഗ്ഷനിലൂടെ മെത്രാപ്പോലീത്തൻപള്ളി മൈതാനിയിൽ സമാപിച്ചു മല്പാൻ മോൺ മാത്യു വെള്ളാനിക്കൽ റാലി ഉദ്ഘാടനം ചെയ്തു. പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു.

# Sr.Rani Maria's killer denies he has become a Christian

Udainagar: An Indian man jailed for murdering a Catholic nun says news stories claiming he had converted to the faith of his victim are media fabrications.

Samandar Singh, 46, was convicted of killing Franciscan Clarist Sister Rani Maria in 1995. In an interview with ucanews.com, Singh said he was "greatly pained" about false media reports claiming that he had converted to Christianity. He remains a "devout Hindu", he said, and has never considered changing his religion.

Singh admitted that he was hired to kill the nun by people who opposed her work exposing exploitive money lenders. He was released from prison in 2006, after spending 11 years in jail. But in recent years, some Catholic news media have circulated stories suggesting he had converted to Christianity.

Singh said the misunderstanding began after he publicly spoke of how the victim's own sister, Sr Selmy Paul — also a Catholic nun — accepted him as a brother while he was in jail.

During the 2002 Raksha Bandhan, a Hindu festival celebrating the close bond between siblings, he said, Sr Selmy tied a symbolic rakhi thread around his wrist, accepting him as a brother. Singh found the moment deeply moving.



When he was released from prison, he began to appear on television and told journalists he appreciated Christians and their religion, which encourages forgiveness.

"But I have never converted," Singh stressed. "And I have no grudge or ill will against any religion."

Bishop Chacko Thottumarickal is the bishop for Indore, which includes the village where Singh now lives a farmer's life on his family's 8,000-square-meter plot. False conversion stories, he said, are troubling for everyone involved.

"The media publishes incorrect information on sensitive issue like conversion … without clarifying with the concerned people," he told ucanews.com. Such stories can create trouble for not only Singh, but the Catholic Church itself, he said.

Source: ucanews.com

# '5 M' target list of Hindu extremists includes Missionaries

India: Christian missionaries are identified among the five biggest enemies of Hindus in a pamphlet distributed at World Hindu Congress 2014 which has just ended in Delhi.

The five "sworn enemies of Hindus" highlighted in the text are: Muslims, Marxists, Missionaries, Materialism and Macaulayism. "The combination of forces and anti-Hindus is weakening Indian society and therefore the faithful are invited to counter the cultural system in force," the propaganda said.

The pamphlet defines Islam "poisonous", criticizes the cultural and religious pluralism and the approach of Christian missionaries who "wickedly introduce the value system of their own western societies." Lord Macaulay was




instrumental in the introduction of English as the medium of instruction for higher education in India and his policy is termed Macaulayism, which the Hindu fundamentalists especially hold as responsible for liquidating indigenous culture.

Source: ucanews.com

# Pakistani Christian woman miscarries after stripped, beaten in public

Karachi: Christian activists in Pakistan on Thursday called for the immediate arrest of two Muslim brothers involved in stripping a pregnant Christian woman naked and beating her.

The attack took place in Christian Colony, Rana Town, in Sheikhupura district of Punjab province on November 16.

Elishba Bibi, 28, who was three-months pregnant, suffered a miscarriage after the beating by two brothers, Muneeb and Mobeel Gondal.

Bibi told police she was beaten with a pipe, stripped naked and dragged into



the street before falling unconscious. She was rescued after Christian neighbors called police.

"The suspects also snatched my mobile phone, a gold necklace and 1,000 rupees [about US$10], that was my salary," she said.

Aslam Pervaiz Sahotra, a rights activist and Chairman of Human Liberation Commission of Pakistan (HLCP) condemned the attack, saying it was motivated because of Bibi's faith.

The attack on Bibi comes just a few weeks after a Christian couple was brutally beaten and burned to death by a 1,500-strong mob at a brick-making kiln after being accused of burning pages of the Qur'an.

Source: ucanews.com

48

# സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച)......

## *സഭൈക്യത്തെ സംബന്ധിച്ച ഡിക്രി*

### പ്രാരംഭം

എല്ലാ ക്രൈസ്തവസഭകളും തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുകയെന്നത് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്നാണ്. ക്രിസ്തുനാഥൻ ഒരേയൊരു സഭ മാത്രം സ്ഥാപിച്ചു. എന്നാൽ വിവിധ ക്രൈസ്തവ സമൂഹങ്ങൾ അവകാശപ്പെടുന്നു, ക്രിസ്തുനാഥന്റെ യഥാർത്ഥ പിന്തുടർച്ചാവകാശികൾ തങ്ങളാണെന്ന്. തീർച്ചയായും തങ്ങൾ ആ നാഥന്റെ അനുയായികളാണെന്ന് എല്ലാവകും ഏറ്റുപറയും. എന്നാൽ ക്രിസ്തു തന്നിൽത്തന്നെ വിഭജിക്കപ്പെട്ടാലെന്നപോലെ അവരുടെ പഠനങ്ങൾ വിഭിന്നങ്ങളും അനുഗമിക്കുന്ന പന്ഥാക്കൾ വിവധങ്ങളുമാണ്. തീർച്ചയായും ഈ വിഭജനം ക്രിസ്തുവിന്റെ തിരുമനസിന് കട്ടായം എതിരാണ്; ലോകത്തിന് ഇടർച്ചയാണ്; എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കുകയെന്ന മഹനീയ ഉദ്യമത്തെ ക്ഷതപ്പെടുത്തുന്നതുമാണ്.

എന്നാൽ യുഗങ്ങളുടെ നാഥൻ പാപികളായ നമുക്കുവേണ്ടി വിവേകത്തോടും ക്ഷമയോടുംകൂടി പ്രസാദവരത്തിന്റെ മാർഗങ്ങൾ ശരിപ്പെടുത്തുന്നു. ഈ അവസാന നാളുകളിൽ ഭിന്നിച്ചിരിക്കുന്ന ക്രൈസ്തവരുടെമേൽ ഹൃദയാനുതാപവും ഐക്യത്തിനായുള്ള ആഗ്രഹവും സമൃദ്ധമായി വർഷിക്കുന്നതിന് ആരംഭിച്ചിരിക്കുന്നു. പ്രസാദവരത്തിന്റെ കരുത്തേറിയ ഈ പ്രചോദനം ലോകത്തിലങ്ങോളമിങ്ങോളം അനേകായിരങ്ങളിൽ അലതല്ലുകയാണ്. എല്ലാ ക്രൈസ്തവരും തമ്മിലുള്ള ഐക്യത്തിന്റെ പുനഃസ്ഥാപനത്തിനായി പവിത്രാത്മാവിന്റെ വരങ്ങളാൽ ശക്തമാക്കപ്പെട്ട ഒരൊഴുക്ക് നമ്മുടെ വേർപെട്ട സഹോദരങ്ങളിലും അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നുണ്ട്. ഈ നീക്കത്തെയാണ് സഭൈക്യം എന്നു പറയുന്നത്. ത്രീത്വൈക ദൈവത്തെ വിളിച്ചപേക്ഷിക്കുകയും ക്രിസ്തുവിനെ നാഥനും രക്ഷകനുമായി ഏറ്റുപറയുകയും ചെയ്യുന്നവരെല്ലാംതന്നെ ഈ എക്യുമെനിക്കൽ നീക്കത്തിൽ ഉൾപ്പെടുന്നുണ്ട്. വ്യക്തികളെന്ന നിലയിൽ മാത്രമല്ല, പിന്നെയോ, തങ്ങൾ ഏതു സമൂഹത്തിൽ സുവിശേഷം ശ്രവിച്ചുവോ ഏതിനെ തങ്ങളുടെയും ദൈവത്തിന്റെയും സഭയായി കരുതുന്നുവോ ആ സമൂഹത്തിലെ അംഗങ്ങളെന്ന നിലയിൽ കൂടിയുമാണ് അവർ ഇതിൽ പങ്കുകൊള്ളുന്നത്. എങ്കിലും എല്ലാവരുംതന്നെ ഭിന്നരീതിയിലാണെങ്കിലും ദൈവത്തിന്റെ ഏക ദൃശ്യസഭയെ പ്രതീക്ഷിക്കുന്നു. ഈ സഭ യഥാർത്ഥത്തിൽ സാർവ്വത്രികമാണ്. ദൈവമഹത്വത്തിനുവേണ്ടി ലോകം മാനസാന്തരപ്പെട്ട് സുവിശേഷ സ്വീകരണംവഴി രക്ഷപ്രാപിക്കാനായി ലോകം മുഴുവനിലേയ്ക്കുമാണ് അത് അയയ്ക്കപ്പെട്ടിരിക്കുന്നത്.

അതുകൊണ്ട് സന്തുഷ്ടഹൃദയത്തോടെയാണ് മേല്പറഞ്ഞവയെല്ലാം കൗൺസിൽ വീക്ഷിക്കുന്നത്. സഭയെപ്പറ്റിയുള്ള പഠനങ്ങൾ ഇതിനകം കൗൺസിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ എല്ലാ അനുയായികളും തമ്മിലുള്ള ഐക്യത്തിന്റെ പുനഃസ്ഥാപനത്തിനായി തിരുസ്സഭ കൊതിക്കുകയാണ്. അതിനാൽ ചില സഹായമാർഗ്ഗങ്ങളും പരിപാടികളും കത്തോലിക്കാലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു. ഈ ദൈവികവിളികൾക്കും ദാനങ്ങൾക്കും പ്രത്യുത്തരം നൽകാൻ സഹായിക്കും.



#### അദ്ധ്യായം 1

### സഭൈക്യം സംബന്ധിച്ചുള്ള കത്തോലിക്കാ തത്വങ്ങൾ

ക്രിസ്തുവിന്റെ ആഗ്രഹം-പിതാവായ ദൈവം തന്റെ ഏകജാതനെ ലോകത്തിലേയ്ക്കയച്ചു എന്ന വസ്തുതവഴിയാണ് ദൈവത്തിന്റെ സ്നേഹം നമ്മിൽ വെളിപ്പെടുത്തിയിരിക്കുന്നത്. അത് അവിടുന്ന് മനുഷ്യനായി തന്റെ രക്ഷണീയകർമ്മംവഴി മനുഷ്യകുലത്തിനുമുഴുവൻ നവജീവൻ പ്രദാനം ചെയ്യാനും അതിനെ ഏകീഭവിപ്പിക്കാനും വേണ്ടിയായിരുന്നു. കുരിശാകുന്ന ബലിപീഠത്തിൽ തന്നെത്തന്നെ കളങ്കരഹിതമായ ഒരു ബലിസ്തുവായി സമർപ്പിക്കുന്നതിനുമുമ്പ് ക്രിസ്തു തന്നിൽ വിശ്വസിക്കുന്ന സകലർക്കുംവേണ്ടി സ്വപിതാവിനോടിങ്ങനെ പ്രാർത്ഥിച്ചു: "അവരെല്ലാം ഒന്നാകണമേ; പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങിലുമായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നാകണമെ; അങ്ങനെ നീയാണ് എന്നെ അയച്ചതെന്ന് ലോകം അറിയട്ടെ" (യോഹ.17:21). ക്രിസ്തു തന്റെ സഭയിൽ ദിവ്യകാരുണ്യമെന്ന അത്ഭുതകരമായ കൂദാശ സ്ഥാപിച്ചു. അത് തന്റെ സഭയുടെ ഏകത്വത്തെ സൂചിപ്പിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നു. പരസ്പരം സ്നേഹിക്കുകയെന്ന ഒരു പുതിയ കല്പന അവിടുന്ന് അനുയായികൾക്ക് നൽകി. കർത്താവും ജീവദായകനുമായി എന്നേയ്ക്കും അവരോടുകൂടി വസിക്കേണ്ടതിന് പരിശുദ്ധാരൂപിയെ അവർക്കു വാഗ്ദാനം ചെയ്തു.

പരിശുദ്ധാരൂപിവഴി ക്രിസ്തു നമ്മെ ഐക്യത്തിലേയ്ക്കു വിളിക്കുന്നു. കർത്താവായ യേശു കുരിശിൽ ഉയർത്തപ്പെടുകയും മഹത്വപ്പെടുകയും ചെയ്തു. അതിനുശേഷം വാഗ്ദാനപ്രകാരം തന്റെ അരൂപിയെ അവിടുന്നയച്ചു. അതേ അരൂപിവഴി അവിടുന്ന് വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും ഐക്യത്തിലേയ്ക്ക് സഭയാകുന്ന പുതിയ ഉടമ്പടിയിലെ തന്റെ ജനതയെ വിളിക്കുകയും അവരെ ഒരുമിപ്പിക്കുകയും ചെയ്തു. വി.ശ്ലീഹാ പഠിപ്പിക്കുന്നു: 'നിങ്ങൾ ഒരേ പ്രതീക്ഷയിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നതുപോലെ ഒരു ശരീരവും ഒരു ആത്മാവും മാത്രമേയുള്ളൂ; ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും' (എഫേ.4:4–5). എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൽ ജ്ഞാനസസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. കാരണം നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു (ഗലാ.3:27–28). പരിശുദ്ധാരൂപി വിശ്വാസികളിൽ വസിക്കുന്നു; സഭയിൽ ആവസിച്ചുകൊണ്ട് അവിടുന്ന് അതിനെ ഭരിക്കുന്നു; വിശ്വാസികളുടെ അത്ഭുതകരമായ ഐക്യവും അവർക്ക് ക്രിസ്തുവിലുള്ള ഗാഢബന്ധവും സാധിതമാക്കുന്നു. അങ്ങനെ പരിശുദ്ധാത്മാവാണ് സഭയുടെ ഐക്യത്തിനു നിദാനം. ഭിന്നരീതിയിലുള്ള കൃപാവരങ്ങളും ശുശ്രൂഷകളും പ്രദാനം ചെയ്യുന്നതും അവിടുന്നുതന്നെ. "ക്രിസ്തുവിന്റെ ശരീരം കെട്ടിപ്പടുക്കുക എന്ന കൃത്യനിർവ്വഹണത്തിനാവശ്യമായതെല്ലാം നൽകി വിശുദ്ധരെ അണിയിച്ചുകൊണ്ട്" (എഫേ.4:12) പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ സഭയെ പലതരത്തിലുള്ള സേവനകൃത്യങ്ങളാൽ പരിപോഷിപ്പിക്കുന്നു.

(തുടരും)

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ



# പ്രാർത്ഥനാധിഷ്ഠിത ജീവിതം

3

നമ്മുടെ ബലഹീനതയിൽ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു (റോമാ 8:26) എന്നു ദൈവവചനം പഠിപ്പിക്കുന്നതുകൊണ്ടു നാം പരിശുദ്ധാത്മാവിനെ നമ്മുടെ പ്രാർത്ഥനയുടെ പങ്കാളിയാക്കണം. അതുപോലെ, പ്രാർത്ഥനയിലൂടെ പരിശുദ്ധാത്മാവിന്റെ നിരന്തരസാന്നിദ്ധ്യം (1 ദിനവൃത്താന്തം 16:11) നാം തേടുകയും വേണം. "പ്രിയപ്പെട്ടവരെ, നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചുകൊണ്ടു നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ"(യൂദാ 20) എന്നാണു അപ്പസ്തോലനായ യൂദാ നമ്മെ അനുസ്മരിപ്പിക്കുന്നത്. നാം പരിശുദ്ധാത്മാവിന്റെ ആലയമായിരിക്കുന്നതുകൊണ്ട് അവിടുത്തെ സാന്നിദ്ധ്യം നമ്മിലുണ്ട് എന്നതു വ്യക്തമാണ്. പക്ഷേ, ആ സാന്നിദ്ധ്യം നമുക്കു സജീവമാകണമെങ്കിൽ നാം നിരന്തരം ദൈവത്തോടപേക്ഷിക്കുക തന്നെ വേണം. "സ്വർഗസ്ഥനായ പിതാവ് തന്നോടു ചേദിക്കുന്നവർക്കു എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല!" (ലൂക്കാ 11:13) എന്നാണു തന്റെ ജീവിതാനുഭവത്തിൽ നിന്നു യേശു ഉദ്ഘോഷിച്ചിരിക്കുന്നത്! അതുകൊണ്ട്, "ആത്മാവിനാൽ പൂരിതരായി" (എഫേ. 5:18) ക്കൊണ്ടു നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ നിറസാന്നിദ്ധ്യത്തിനായി എപ്പോഴും നമുക്ക് പ്രാർത്ഥിക്കാം.

## എങ്ങനെ പ്രാർത്ഥിക്കണം

നാം പ്രാർത്ഥിക്കേണ്ടതു പരിശുദ്ധാത്മാവിന്റെ സഹായത്തോടുകൂടിയായിരിക്കണം. "നിങ്ങൾ അപേക്ഷകളോടും യാചനകളോടും കൂടെ എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ" (എഫേ. 6:18) എന്നാണല്ലൊ ദൈവവചനം പഠിപ്പിക്കുന്നത്. പരിശുദ്ധാത്മാവിനോടു ചേർന്നു പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന ഉറപ്പുള്ള പ്രത്യാശയോടെ (ഹെബ്രായർ 4:16) ആയിരിക്കട്ടെ നാം സമർപ്പിക്കുന്നത്. അതുപോലെ തന്നെ, നമ്മുടെ പ്രാർത്ഥന വിശ്വാസപൂർവ്വമാണെന്നും നാം ഉറപ്പുവരുത്തണം. "പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും" (മർക്കോസ് 11:24; മത്തായി 21:22) എന്നാണല്ലോ യേശു അരുളിച്ചെയ്തിരിക്കുന്നത്. "സംശയിക്കാതെ, വിശ്വാസത്തോടെ വേണം ചോദിക്കാൻ"(യാക്കോബ് 1:6) എന്നു യാക്കോബ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. "സംശയമനസ്കനും എല്ലാകാര്യങ്ങളിലും ചഞ്ചലപ്രകൃതിയുമായ ഒരുവന് എന്തെങ്കിലും കർത്താവിൽ നിന്നു ലഭിക്കുമെന്ന് കരുതരുത്" (യാക്കോബ് 1:8) എന്നും അദ്ദേഹം പറയുന്നു.

വിശ്വാസത്തോടെയുള്ള പ്രാർത്ഥനയ്ക്കു തീർച്ചയായും ഫലമുണ്ടാകും. എന്നാൽ, അങ്ങനെ നാം പ്രാർത്ഥിക്കുന്ന അവസരത്തിൽ നാം യേശുവിനോടൊപ്പമാണെന്ന് ഉറപ്പുവരുത്തണം. "നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും" (യോഹന്നാൻ 15:7) എന്നാണല്ലൊ യേശു പറഞ്ഞിരിക്കുന്നത്. നാം ചോദിക്കുന്നതെല്ലാം നമുക്കു ലഭിക്കണമെങ്കിൽ "ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക"(മത്തായി 6:33) എന്നും അവിടുന്നു ഓർമ്മിപ്പിക്കുന്നു. അതുപോലെ തന്നെ, നാം ചോദിക്കുന്നതെല്ലാം അവിടുത്തെ ഇഷ്ടത്തിനനുസരിച്ചുമായിരിക്കണം. "അവന്റെ ഇഷ്ടത്തിനനുസൃതമായി എന്തെങ്കിലും നാം ചോദിച്ചാൽ അവിടുന്നു നമ്മുടെ പ്രാർത്ഥന കേൾക്കും എന്നതാണ് നമുക്കു അവനിലുള്ള ഉറപ്പ്" (1 യോഹന്നാൻ 5:14) എന്നു യോഹന്നാൻ ശ്ലീഹ നമ്മോടു പറയുന്നു.

നമ്മുടെ പ്രാർത്ഥന യേശു കേൾക്കും എന്നു ഉറപ്പു നൽകിക്കൊണ്ട് അവിടുന്നു പറയുന്നു: "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവ് പുത്രനിൽ മഹത്വപ്പെടുവാൻ വേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോടു എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തു തരും" (യോഹന്നാൻ 14:14). യേശു വീണ്ടും പറയുന്നു: "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും. ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും തന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും"(യോഹന്നാൻ 16:24). അതായത്, പിതാവായ ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥന എപ്പോഴും യേശുവിന്റെ നാമത്തിലായിരിക്കണമെന്നു വ്യക്തം.

നമ്മുടെ പ്രാർത്ഥന എപ്പോഴും ദൈവം കേൾക്കുമെന്ന വാഗ്ദാനം അനുസ്മരിക്കുമ്പോൾത്തന്നെ നമ്മുടെ പ്രാർത്ഥന അവിടുത്തെ തിരുവിഷ്ടമനുസരിച്ചു മാത്രമായിരിക്കുമെന്നും നാം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. കാരണം, അവിടുന്നു നൽകുന്ന മാതൃക അതാണ്. തന്റെ പീഡാനുഭവത്തിനും കുരിശുമരണത്തിനും മുമ്പായി ഗത്സെമനിയിൽ അവിടുന്നു ഇപ്രകാരം പ്രാർത്ഥിച്ചു: "ആബാ, പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്ന് മാറ്റിത്തരണമേ! എന്നാൽ, എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ" (മർക്കോസ് 14:36). പരിശുദ്ധാത്മാവിനോടു ചേർന്നു നിന്നു പ്രാർത്ഥിച്ചാൽ യേശുവിനെപ്പോലെ പിതാവായ ദൈവത്തിന്റെ ഇഷ്ടമനുസരിച്ചു നമുക്കും പ്രാർത്ഥിക്കുവാൻ സാധിക്കുമെന്നു തീർച്ചയാണ്. കാരണം, "ആത്മാവ് ദൈവഹിതമനുസരിച്ചാണു വിശുദ്ധർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നത്" (റോമാ 8:27) എന്നു ദൈവവചനം പഠിപ്പിക്കുന്നു.

> "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും പിതാവ് പുത്രനിൽ മഹത്വപ്പെടുവാൻ വേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോടു എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തു തരും"

ദൈവഹിതമനുസരിച്ചു പ്രാർത്ഥിക്കുന്നതുപോലെതന്നെ നമ്മുടെ പ്രാർത്ഥന എളിമനിറഞ്ഞതുമായിരിക്കണം. സുവിശേഷത്തിൽ നാം വായിക്കുന്ന പ്രീശന്റെയും ചുങ്കക്കാരന്റെയും ഉപമ (ലൂക്കാ 18:9-14) അതാണല്ലൊ വ്യക്തമാക്കുന്നത്. "എളിയവരുടെ അഭിലാഷം അവിടുന്നു നിറവേറ്റും" (സങ്കീ. 10:17) എന്നു സങ്കീർത്തകനായ ദാവീദ് പറയുമ്പോൾ നാം നമ്മെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിച്ചാൽ ദൈവം സ്വർഗത്തിൽ നിന്നു നമ്മുടെ പ്രാർത്ഥന കേൾക്കുമെന്ന് ദിനവൃത്താന്തത്തിൽ (2 ദിനവൃത്താന്തം 8:14) നാം വായിക്കുന്നു.

നമ്മുടെ പ്രാർത്ഥന എളിമനിറഞ്ഞതാകുന്നതോടൊപ്പം അതിൽ അല്പം പോലും കാപട്യം ഇല്ല എന്നും നാം ഉറപ്പുവരുത്തണം. "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ ആകരുത്" (മത്തായി 6:5) എന്നു യേശു പ്രത്യേകം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. നമ്മുടെ പ്രാർത്ഥന മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടിയാകാതെ അതു നമ്മുടെ സ്വർഗീയപിതാവുമായുള്ള സംഭാഷണമായി നാം മാറ്റണം. അപ്പോൾ തീർച്ചയായും നമ്മുടെ പ്രാർത്ഥന യഥാർത്ഥ പ്രാർത്ഥനയായി മാറും.

(തുടരും)

# പാക് ക്രൈസ്തവ ദമ്പതികളുടെ വധം; 50 പേർ അറസ്റ്റിൽ

ലാഹോർ: പാക് പഞ്ചാബിൽ ക്രൈസ്തവ ദമ്പതികളെ ചുട്ടെരിച്ചുകൊന്ന കേസിൽ അമ്പതോളം പേരെ അറസ്റ്റു ചെയ്തതായി പോലീസ് മേധാവി ജവാദ് ഖമർ അറിയിച്ചു. 600 പേർക്ക് എതിരേ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ലാഹോറിൽനിന്ന് 50 കിലോമീറ്റർ അകലെയു ള്ള കോട് രാധാ കിഷൻ ഗ്രാമത്തിലാണ് ഷെഹസാദ് മസീഹിനെയും അയാളുടെ ഭാര്യ ഗർഭിണിയായ ഷമയെയും ജനക്കൂട്ടം മർദിച്ചവശരാക്കിയശേഷം ഇഷ്ടികക്കളത്തിലെ ചൂളയിലെറിഞ്ഞു കൊന്നത്. ഖുറാൻ കത്തിച്ചെന്നായിരുന്നു ഇവർക്ക് എതിരേയുള്ള ആരോപണം. സ്ഥലത്തെ മോസ്കിലെ മുല്ലയാണ് ജനങ്ങളെ ഇളക്കിവിട്ടതെന്നും ചില




പ്രാദേശിക പ്രശ്നങ്ങളാണ് കാരണമെന്നും പോലീസ് പറഞ്ഞു.

ഇഷ്ടികക്കളത്തിന്റെ ഉടമയെയും പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇഷ്ടികക്കളത്തിൽ അടിമപ്പണി ചെയ്തിരുന്ന ക്രൈസ്തവ ദമ്പതികളെ മോചിപ്പിക്കാൻ ഉടമ വൻതുക ആവശ്യപ്പെട്ടെന്നും ഇതേത്തുടർന്നുണ്ടായ വാക്കുതർക്കത്തെത്തുടർന്ന് ദമ്പതികളെയും കുട്ടികളെയും മുറിയിൽ പൂട്ടിയിട്ടെന്നും ആരോപണമുണ്ടായിരുന്നു. മുറി തല്ലിപ്പൊളിച്ച ജനക്കൂട്ടം ദമ്പതികളെ വലിച്ചിഴച്ചു പുറത്തുകൊണ്ടുവന്ന് അടിച്ചവശരാക്കിയശേഷം ചൂളയിലെറിയുകയായിരുന്നത്രേ.

പാക്കിസ്ഥാനിലെ ജനസംഖ്യയിൽ വെറും നാലുശതമാനം വരുന്ന ക്രൈസ്തവർ പലവിധ ചൂഷണത്തിനും പീഡനത്തിനും ഇരയാകുന്ന തായി പരാതിയുണ്ട്. ദമ്പതികളെ വധിച്ചവർക്ക് എതിരേ കർശന നടപടി എടുക്കണമെന്നു പഞ്ചാബ് ഭരണകൂടത്തിനു നിർദേശം നൽകിയതായി പ്രധാനമന്ത്രി നവാസ് ഷരീഫ് വ്യക്തമാക്കി.

# ജിഹാദികളുടെ വെടിയേറ്റ് കൺമുമ്പിൽ മകൻ പിടഞ്ഞുമരിക്കുന്നതു കണ്ട അമ്മ പ്രതികാരദാഹിയായി; 25 താലിബാൻ ഭീകരരെ വധിച്ചു

കാബൂൾ: പോലീസ് ഉദ്യോഗസ്ഥനായ സ്വന്തം മകനെ താലിബാൻ ജിഹാദികൾ വെടിവച്ചിട്ടു. വിവരമറിഞ്ഞെത്തിയ അമ്മ തന്റെ പൊന്നോമന മകൻ രക്തത്തിൽ കുളിച്ച് രക്ഷിക്കുവാൻപോലും സാധിക്കാത്ത അവസ്ഥയിൽ പിടഞ്ഞുമരിക്കുന്നതുകണ്ട് ചങ്കുതകർന്നു. മകളേയും മരുമകളേയും കൂട്ടി തോക്കെടുത്ത് 25 ഭീകരവാദികളായ ജിഹാദികൾക്കുനേരെ നിറയൊഴിച്ചു.

അഫ്ഗാനിസ്ഥാനിലെ താലിബാൻ കോട്ടയായ ഫറാ പ്രവിശ്യയിലായിരുന്നു സംഭവം. പ്രവിശ്യയിലെ റേസാഗുൽ എന്ന അമ്മയാണ് തോക്കെടുത്ത് മകന്റെ കൊലപാതകത്തിൽ പ്രതികാരം തീർത്തത്. ഫറാ പ്രവിശ്യയിൽ പോലീസ് ഉദ്യോഗസ്ഥനായ ഇവരുടെ മകനെ ചെക്ക് പോസ്റ്റിൽവച്ച് താലിബാൻ സേന വധിച്ചിരുന്നു. മകൻ മരിച്ചെന്ന് വ്യക്തമായതോടെ റേസാഗുലും കുടുംബവും രോഷാകുലരായി.

താലിബാൻ സേനയും റേസാഗുല്ലിന്റെ കുടുംബവും തമ്മിൽ പോരാട്ടം നടന്നത് ഏഴു മണിക്കൂർ ആയിരുന്നു. ഈ സമയമത്രയും അവർ പോരാട്ടം നടത്തുകയായിരുന്നു. അഞ്ചു പേർക്ക് പോരാട്ടത്തിൽ പരിക്കേൽക്കുകയും ചെയ്തു. എന്നാൽ ആക്രമണത്തെക്കുറിച്ച് താലിബാൻ ഇനിയും പ്രതികരിച്ചിട്ടില്ല.

താലിബാനെതിരെ ഉയരുന്ന ജനരോഷത്തിന്റെ ഏറ്റവും വലിയ തെളിവാണ് ഈ സ്ത്രീ പോരാട്ടമെന്ന് അഫ്ഗാൻ ആഭ്യന്തര മന്ത്രാല



യത്തിന്റെ വക്താവ് പറഞ്ഞു. ഈ കുടുംബത്തിന്റെ പേരിൽ അഭിമാനം തോന്നുന്നുവെന്നും ഫറാ പ്രവിശ്യയിലെ പോലീസും നാട്ടുകാരും നീണ്ടകാലം ഈ പോരാട്ടത്തെ സ്മരിക്കുമെന്നും പറഞ്ഞു.

അത്യാധുനിക ആയുധങ്ങളുമായാണ് പോരാട്ടത്തിന് ഇവർ ഇറങ്ങിയത്. അവസാന ബുള്ളറ്റ് വരെയും പോരടിക്കണമെന്ന് തീരുമാനിച്ചിരുന്നു. ഇളയ മകൻ വധിക്കപ്പെട്ടപ്പോൾ തിരിച്ചടിക്കാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ലെന്നും ഇവർ പറഞ്ഞു.

കൺമുന്നിലിട്ട് മകനെ ജിഹാദികൾ വധിച്ചതിനുള്ള പ്രതികാരമാണ് ഇതെന്നാണ് പിന്നീട് ഇവർ പ്രതികരിച്ചത്. വേദനയടക്കാനാകാതെയാണ് തോക്കെടുത്തത്. താലിബാൻ ചെക്ക്പോസ്റ്റിലെത്തി തുരുതുരാ വെടിവെച്ചെന്നും ഇവർ വിശദീകരിച്ചു.

## പതിമൂന്ന് ജിഹാദികളെ ഓസ്ട്രിയയിൽ പോലീസ് അറസ്റ്റ് ചെയ്തു

വിയന്ന: 13 തീവ്രവാദികളെ ഓസ്ട്രിയയിൽ പോലീസ് അറസ്റ്റ് ചെയ്തു. ദീർഘ നേരത്തെ ആക്രമണത്തിനൊടുവിലാണ് തീവ്രവാദികളെ പോലീസ് വലയിലാക്കിയത്. 16 പേരെ ലക്ഷ്യം വച്ചാണ് ആക്രമണം തുടങ്ങിയത്. എന്നാൽ മൂന്ന് പേരെ പിടികൂടാൻ പോലീസിനു കഴിഞ്ഞില്ല. സിറിയയിലേക്ക് ആളുകളെ തീവ്രവാദ പ്രവർത്തനത്തിനായി കടത്തിയിരുന്നവരും പിടിയിലായവരിൽ ഉൾപ്പെടുന്നു. തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി തയാറാക്കിയ കുറുപ്പുകളും പോലീസ് ഇവരുടെ പക്കൽ നിന്നും കണ്ടെടുത്തി. 900 പോലീസുകാരാണ് നടപടി ക്രമങ്ങളിൽ പങ്കെടുത്തത്.

## വധശിക്ഷയ്ക്കെതിരായ യുഎൻ പ്രമേയത്തിന് 114 രാജ്യങ്ങളുടെ പിന്തുണ

യുണൈറ്റഡ് നേഷൻസ്: വധശിക്ഷ താൽക്കാലികമായി റദ്ദാക്കാനുള്ള ഐക്യരാഷ്ട്രസഭ പൊതുസഭയുടെ കരട് പ്രമേയത്തെ അനുകൂലിച്ച് 114 രാജ്യങ്ങൾ വോട്ട് ചെയ്തു. ഇന്ത്യയുൾപ്പെടെ 36 രാജ്യങ്ങൾ പ്രമേയത്തെ എതിർത്തു. 34 രാജ്യങ്ങൾ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു.

സാമൂഹിക, മനുഷ്യാവകാശ, സാംസ്കാരിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പൊതുസഭയുടെ മൂന്നാമത് കമ്മിറ്റിയാണ് പ്രമേയം അംഗീകരിച്ചത്. വധശിക്ഷ കാലക്രമേണ നിരോധിക്കാനും 18 വയസിൽ താഴെയുള്ളവരും ഗർഭിണികളും മാനസിക വെല്ലുവിളികൾ നേരിടുന്നവരുമായ കുറ്റവാളികളെ വധശിക്ഷയിൽ നിന്ന് ഒഴിവാക്കാനുമാണ് പ്രമേയം ആഹ്വാനം ചെയ്യുന്നത്. എന്നാൽ പ്രമേയം നിയമവ്യവസ്ഥ നിർണ്ണയിക്കാനും അതനുസരിച്ച് കുറ്റവാളികളെ ശിക്ഷിക്കാനുമുള്ള രാജ്യങ്ങളുടെ പരമാധികാരത്തെ നിഷേധിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടാണ് ഇന്ത്യ പ്രമേയത്തെ എതിർത്തത്. സമൂഹമനഃസാക്ഷിയെ ഞെട്ടിക്കുന്ന തരത്തിലുള്ള അപൂർവ്വങ്ങളിൽ അപൂർവ്വമായ ഹീനകൃത്യങ്ങളിൽ മാത്രമാണ് ഇന്ത്യയിൽ വധശിക്ഷ നൽകാറുള്ളതെന്ന് യുഎന്നിലെ ഇന്ത്യൻ മിഷൻ സെക്രട്ടറി മായങ്ക് ജോഷി അഭിപ്രായപ്പെട്ടു. സ്വതന്ത്രകോടതിയിൽ വാദം കേൾക്കലുൾപ്പെടെ നിയമത്തിന്റെ എല്ലാ സുരക്ഷകളും ഇന്ത്യ പാലിക്കുന്നുണ്ടെന്നും ജോഷി വ്യക്തമാക്കി.

ഗർഭിണികളുടെ വധശിക്ഷ റദ്ദാക്കാൻ ഇന്ത്യൻ നിയമത്തിൽ വ്യവസ്ഥകളുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്നവരെ തൂക്കിക്കൊല്ലുന്നത് റദ്ദാക്കിയ വിധികളുണ്ടെന്നും ചൂണ്ടിക്കാട്ടിയ ജോഷി ഇന്ത്യയിൽ 18 വയസിൽ താഴെയുള്ള കുറ്റവാളികളെ വധശിക്ഷയ്ക്ക് വിധിക്കാൻ നിയമം ഒരു തരത്തിലും അനുവദിക്കുന്നില്ലെന്നും കൂട്ടിച്ചേർത്തു. ഇന്ത്യയിലെ വധശിക്ഷകൾ ഉന്നതകോടതി ശരിവയ്ക്കണം. കുറ്റാരോപിതന് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഹർജിനൽകാം. ഇന്ത്യയിലെ വധശിക്ഷയ്ക്കെതിരെ മനുഷ്യാവകാശ സംഘടനകൾ വിമർശനമുയർത്തിയിരുന്നു.



# "ഈ മനുഷ്യൻ എന്റെ സ്വപ്നങ്ങൾ തകർത്തു"

അറുപതു വയസ്സായ ത്രേസ്യാമ്മയ്ക്ക് തന്റെ ഭർത്താവിന്റെ കാര്യം ഓർക്കുമ്പോൾ ദുഃഖവും രോഷവും ഒരുമിച്ച് ഉയർന്നുവരുന്നു. അയാളാണെന്റെ ജീവിതം തകർത്തതെന്നവൾ കണ്ണീരോടെ പറയുന്നു. എംഎബിഎഡ് കാരിയായ ത്രേസ്യാമ്മ പഠിക്കാൻ വളരെ സമർത്ഥയായിരുന്നു. പാട്ട്, ഡാൻസ്, ചിത്രരചന എന്നിവയ്ക്ക് സ്കൂൾ കോളജ് തലങ്ങളിൽ ധാരാളം സമ്മാനങ്ങൾ വാരിക്കൂട്ടിയിരുന്നു. എല്ലാവരെയും സ്വാധീനിക്കാൻ അവൾക്ക് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. ഒരു കോളജ് അദ്ധ്യാപികയാകാനായിരുന്നു അവളുടെ ആഗ്രഹം. അതിനുവേണ്ടി അവൾ അക്ഷീണം യത്നിച്ചുകൊണ്ടിരുന്നപ്പോഴാണ് അപ്രതീക്ഷിതമായി ഒരു വിവാഹാലോചന വന്നത്. എഞ്ചിനീയറുംഗൾഫിൽ ഉന്നത ഉദ്യോഗസ്ഥനുമായ ഒരു ചെറുപ്പക്കാരനുമായി വിവാഹം ഉറപ്പിച്ചു. ത്രേസ്യാമ്മയ്ക്ക് അയാളുമായി നേരിട്ട് അധികം സംസാരിക്കാൻ അവസരം ലഭിച്ചില്ല. മാതാപിതാക്കൾ അവരുടെ അടുത്ത ഒരു സ്നേഹിതനേക്കൊണ്ട് അന്വേഷിപ്പിച്ചപ്പോൾ എല്ലാം ശരിയാണെന്ന മറുപടിയാണ് ലഭിച്ചത്. വീണ്ടും ത്രേസ്യാമ്മയുടെ നിർബന്ധപ്രകാരം ഫോണിൽകൂടി നേരിട്ട് അന്വേഷിച്ചപ്പോഴും എഞ്ചിനീയറാണെന്നും നല്ല ജോലിയാണെന്നും തന്നെ ഉറപ്പിച്ചു പറഞ്ഞു. കുറച്ചുകാലം ത്രേസ്യാമ്മ നാട്ടിൽ നാട്ടിൽ കഴിഞ്ഞ് ഒരു കോളജ് ജോലി ഉറപ്പാക്കിയിട്ട് വന്നാൽ പോരേയെന്ന് ചോദിച്ചപ്പോൾ അതിന്റെയൊന്നും ആവശ്യമില്ല, ഒരാളുടെ ജോലികൊണ്ട് തന്നെ സുഖമായി ജീവിക്കാനുള്ള വകയുണ്ട് എന്നുപറഞ്ഞ് അയാൾ സംസാരം അവസാനിപ്പിച്ചു. ത്രേസ്യാമ്മ ഭർത്താവിനൊപ്പം ഗൾഫിൽ താമസമാക്കി. അയാൾ ഏതോ കമ്പനിയുടെ സെയിൽസ് ഏജന്റായി ജോലിചെയ്യുകയാണെന്നു മനസ്സിലായി. സാമാന്യം നല്ല ശമ്പളം ഉണ്ടായിരുന്നു എന്നത് ശരിയാണ്. ഒരു ദിവസം അയാൾ സ്ഥലത്തില്ലാതിരുന്നപ്പോൾ ത്രേസ്യാമ്മ അയാളുടെ ഫയലിലുണ്ടായിരുന്ന രേഖകൾ പരിശോധിച്ചു. പത്താംക്ലാസ് പാസ്സായ ശേഷം പ്രീഡിഗ്രിക്കു പഠിച്ചു തോറ്റെന്നും അതിനു ശേഷം ഏതോ എഞ്ചിനീയറിംഗ് ഡിപ്ലോമാ കോഴ്സിന് ചേർന്ന് അതും പൂർത്തിയാക്കാതെ പഠനം നിർത്തിയെന്നും മനസ്സിലായി. സത്യമറിഞ്ഞ ത്രേസ്യാമ്മ കടുത്ത നിരാശയിലായി. അയാളോട് അതേപ്പറ്റി ചോദിച്ചപ്പോൾ അയാൾ കയർത്തു. തനിക്കു ജോലിക്കുപോകണമെന്ന് ത്രേസ്യാമ്മ ആവശ്യപ്പെട്ടപ്പോൾ അപകർഷതാബോധം കൊണ്ട് നീ എന്നെക്കാൾ വലിയ ആളൊന്നും ആരണ്ട എന്നു പറഞ്ഞ് അയാൾ അതു നിഷേധിച്ചു. കുറച്ചുകഴിഞ്ഞ് ഗൾഫിലെ ജോലി നഷ്ടപ്പെട്ടു. ബാങ്കിൽ ഉണ്ടായിരുന്ന നിക്ഷേപം മുഴുവൻ എടുത്ത് ബിസിനസ്സ് തുടങ്ങി. ഒരു ബിസിനസ്സ് തുടങ്ങി പകുതിവഴിയാകുമ്പോൾ നഷ്ടമാണെന്നുപറഞ്ഞ് അടുത്ത ബിസിനസ്സിലേയ്ക്കു കടക്കും. ഇങ്ങനെ താമസിച്ചിരുന്ന സ്ഥലം വരെ വിറ്റു. ഇതിനിടെ മക്കൾ പഠിച്ച് വലിയ കുഴപ്പമില്ലാത്ത ജോലികളും സമ്പാദിച്ചു. അയാൾ മദ്യപാനവും ചീട്ടുകളിയുമായി ജീവിതം തുടരുന്നു. മക്കൾ ചോദിക്കാറുണ്ട് അമ്മ എന്നാ കണ്ടോണ്ടാണ് ഈ വിവരദോഷിയെ കല്യാണം കഴിച്ചതെന്ന്.

**Dr. P.M. Chacko Palakunnel**
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
Mobile:9746085144

വിവാഹം ആലോചിക്കുമ്പോൾ നമുക്ക് ലഭിക്കേണ്ട പങ്കാളിയെപ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടായിരിക്കണം. ആ കാഴ്ചപ്പാടുകൾ ഭാവിപങ്കാളിയുടെ മുമ്പിൽ സമയമെടുത്ത് അവതരിപ്പിക്കണം. അപ്പോൾ ഭാവിപങ്കാളി സത്യസന്ധമായി ഉത്തരം കൊടുക്കാതിരിക്കുന്നത് ക്രൂരമായ ഒരു കുറ്റകൃത്യമാണ്. ഇല്ലാത്ത വിദ്യാഭ്യാസം, ധനം, കഴിവുകൾ ഇവ ഉണ്ടെന്നു ധരിപ്പിച്ച് വിവാഹം കഴിക്കരുത്. അത് രണ്ടു പേർക്കും ദോഷകരമാണ്. തനിക്കുള്ളവ വ്യക്തമായി തുറന്നുകാട്ടി അതിനുശേഷം ലഭിക്കുന്ന പങ്കാളിയെ സ്വീകരിക്കുന്നതാണ് ഉത്തമം. അതുകൊണ്ട് ഗുണം ഉണ്ടാകുമെന്നത് ഉറപ്പാണ്. മറിച്ച് എന്തെങ്കിലും നുണപറഞ്ഞാൽ തീർച്ചയായും ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്ന ദുരന്തമായി മാറും.

എല്ലാവർക്കും അവരവരുടേതായ തിരഞ്ഞെടുപ്പിന് സ്വാതന്ത്ര്യമുണ്ട്. എന്റെ പങ്കാളിക്ക് ഇത്ര വിദ്യാഭ്യാസ യോഗ്യത വേണമെന്ന് ഞാൻ നിർബന്ധമായും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതുവരെ കാത്തിരിക്കാനും തിരഞ്ഞെടുക്കാനും എന്നെ അനുവദിക്കാത്തതും എന്നെ തെറ്റിദ്ധരിപ്പിച്ച് കല്യാണം കഴിപ്പിയ്ക്കുന്നതും വഞ്ചനയാണ്.

ചിലർ വളരെ തമാശയായി സംസാരിക്കാറുള്ളതു ഞാൻ കേട്ടിട്ടുണ്ട്, അയാൾ ഉയരം എത്രയാണെന്നു ചോദിച്ചപ്പോൾ ഞാൻ അഞ്ചടി നാലിഞ്ചെന്ന് തട്ടിവിട്ടു; അത്രയും ഉണ്ടോയെന്ന് ചോദിച്ചപ്പോൾ ഉണ്ട് എന്ന് തറപ്പിച്ചു പറഞ്ഞു. യഥാർത്ഥത്തിൽ അഞ്ചടി ഒരു ഇഞ്ചേ ഉയരം ഉണ്ടായിരുന്നുള്ളൂ. അയാളുടെ കുടുംബത്തിൽ ഉയരം കുറഞ്ഞ ആളുകൾ ഉണ്ടായിരുന്നതിനാൽ കല്യാണം കഴിക്കുന്ന പെണ്ണിന് ഒരു നിശ്ചിത ഉയരത്തിനുമേൽ വേണമെന്ന് അയാൾക്കു നിർബന്ധമുണ്ടായിരുന്നു. കൂടാതെ അയാളുടെ സുഹൃത്തുക്കളുടെ ഭാര്യമാരൊക്കെ പൊക്കമുള്ളവരും ആയിരുന്നതിനാൽ പൊക്കമുള്ള പെൺകുട്ടികളോട് ഒരു ആരാധനാ മനോഭാവവും ഉള്ളിലുണ്ടായിരുന്നു. ഇതു മനസിലാക്കാതെ പൊക്കം ഒരു നിസ്സാര കാര്യമായി തള്ളിയ പെൺകുട്ടി ഒരു കള്ളം പറഞ്ഞ് അയാളെ തെറ്റിദ്ധരിപ്പിച്ചു. അയാൾ അതു വിശ്വസിക്കുകയും ചെയ്തു. വിവാഹം കഴിഞ്ഞ് അയാൾക്ക് അതു കള്ളമാണെന്നു മനസ്സിലായി. എന്തിനാണ് നുണ പറഞ്ഞതെന്നു ചോദിച്ചപ്പോൾ ഇതാണോ വല്യ ആനക്കാര്യം, അല്ലെങ്കിലിപ്പം ഐശ്വര്യാ റായിയെക്കിട്ടിയേനേ എന്നുകൂടിപ്പറഞ്ഞ് അയാളെ കളിയാക്കി. അയാൾക്കതു വേദനിച്ചെങ്കിലും അയാൾ ഒന്നുംതന്നെ പറഞ്ഞില്ല. നമ്മുടെ കഷ്ടപ്പാടുകൾ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിച്ചു കാര്യം സാധിക്കാൻ കള്ളം പറയുന്നത് ആദ്ധ്യാത്മികതയ്ക്കു ചേർന്നതല്ല. പൊക്കവും തൂക്കവും പ്രായവുമൊക്കെ കൃത്യമായിത്തന്നെ പറയണം. കാരണം ഇവയൊക്കെ പിന്നീട് കൃത്യമായി തെളിയിക്കപ്പെടാവുന്നവയാണ്. പൊക്കത്തിലോ വണ്ണത്തിലോ പ്രായത്തിലോ എന്തുകാര്യം ഇരിക്കുന്നു എന്ന് നമുക്കു തോന്നിയേക്കാം. എന്നാൽ മറ്റേയാളിൽ അയാൾക്കുണ്ടായ അടിസ്ഥാനപരമായ അനുഭവങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ശക്തമായ ബോധ്യങ്ങളുടെ വെളിച്ചത്തിലായിരിക്കും അയാൾ അങ്ങനെയൊരു മാനദണ്ഡം വച്ചിരിക്കുന്നത്. അതു കള്ളം പറഞ്ഞ് വഞ്ചിച്ചുകൊണ്ട് നിരാകരിച്ചാൽ അയാളുടെ മനസ്സിൽ അത് ശാശ്വതമായ മുറിവ് ഏൽപ്പിച്ചേക്കാമെന്ന കാര്യം ഗൗരവമായി എടുക്കണം. അമ്മയെ അനുകരിച്ച് പെൺമക്കളും ഇത്തരം നുണകൾ ഭാവിപങ്കാളിയോട് പറഞ്ഞതായി എനിക്കറിയാം.

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ

## അദ്ധ്യായം 4
## സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ



**കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജനകീയ അടിത്തറ അൽമായർക്ക് എല്ലാകാര്യങ്ങളിലും പങ്കാളിത്തം നൽകിക്കൊണ്ടിരുന്നുവെന്നതിന് ധാരാളം രേഖകളുണ്ട്. അതിൽ പ്രധാനമായ ഒന്നാണ് 9-ാം നൂറ്റാണ്ടുകളിലെ തരീസാപ്പള്ളി ചെപ്പേടുകൾ.**

### അല്മായ ചരിത്ര പശ്ചാത്തലം

ക്രിസ്തുശിഷ്യനായ വിശുദ്ധ തോമാശ്ലീഹായാണ് ഭാരതസഭയുടെ പിതാവ്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ക്രൈസ്തവസമൂഹം തനതായ ഒരു ജീവിതശൈലി സ്വായത്തമാക്കിയിരുന്നു. ആഴമായ വിശ്വാസവും തീവ്രമായ സഭാസ്നേഹവും ഇവിടുത്തെ സഭയെ ചൈതന്യധന്യമാക്കിയിരിക്കുന്നു. വി. തോമ്മാശ്ലീഹാ വളർത്തിയെടുത്ത സഭാജീവിതശൈലിയെ 'തോമ്മായുടെ മാർഗ്ഗ'മെന്നാണ് നമ്മുടെ പൂർവ്വികർ വിശേഷിപ്പിച്ചിരുന്നത്. ഈ മാർഗ്ഗമാണ് നമ്മുടെ സഭാജീവിതത്തിനു ചുക്കാൻ പിടിച്ചത്.

പൗരസ്ത്യകത്തോലിക്കാ സഭകളിൽവച്ച് അംഗസംഖ്യകൊണ്ട് യുക്രേനിയൻ സഭ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന സഭയാണ് സീറോ-മലബാർ സഭ. പാശ്ചാത്യപൗരസ്ത്യ സഭകളിൽ ഒന്നിലും ദർശിക്കാൻ സാധിക്കാത്ത വിധമുള്ള ഒരു അല്മായപങ്കാളിത്തം ആദ്യകാലം മുതൽ സീറോ-മലബാർ സഭാനേതൃത്വത്തിലുണ്ടായിരുന്നു. ആദിമകാലങ്ങളിൽ നമ്മുടെ സഭയിൽ നിലനിന്നിരുന്ന അൽമായപങ്കാളിത്തം എന്തായിരുന്നുവെന്നു മനസ്സിലാക്കുകയും അതിൽനിന്ന് ചൈതന്യമുൾക്കൊണ്ടുകൊണ്ട് സഭയെ കരുപ്പിടിപ്പിക്കുവാൻ ശ്രമിക്കുകയുമാണ് നാമിന്ന്.

സഭാഭരണത്തെ സംബന്ധിച്ചിടത്തോളം സീറോ-മലബാർസഭയ്ക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമാണുള്ളത്. പള്ളിയോഗമെന്നത് സഭാ ഭരണസമ്പ്രദായത്തിന്റെ പൊതുവിലുള്ള പേരാണ്. കുടുംബത്തലവന്മാരും തദ്ദേശീയവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവക വൈദികരിൽ പ്രായം ചെന്നയാൾ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചിരുന്നു. പള്ളിയുടെ ഭൗതികവസ്തുക്കളുടെ മാത്രമല്ല, ഇടവകയിലെ ക്രിസ്തീയ കൂട്ടായ്മയുടെ മുഴുവന്റെയും മേലന്വേഷണം നടത്തിയിരുന്നത് പള്ളിയോഗമായിരുന്നു. പരസ്യപാപം സംബന്ധിച്ച് കേസുകൾ കൈകാര്യം ചെയ്യുക, സഭാസമൂഹത്തിൽനിന്ന് തല്ക്കാലത്തേക്കു പുറന്തള്ളുവാനുള്ള തീരുമാനമെടുക്കുക തുടങ്ങിയ ചുമതലകളും പള്ളിയോഗത്തിനുണ്ടായിരുന്നു. വൈദികവിദ്യാർത്ഥിയെ തിരഞ്ഞെടുത്ത് ദേശക്കുറി നല്കി പഠനത്തിനായി മൽപ്പാന്റെയടുത്ത് അയച്ചിരുന്നതും പള്ളിയോഗമായിരുന്നു. പള്ളിയോഗത്തിൽ വൈദികർക്കും അൽമായർക്കും തുല്യമായ അവകാശം അനുവദിച്ചിരുന്നു. പൊതുതാല്പര്യമുള്ള കാര്യങ്ങൾ എല്ലാ ഇടവകകളുടെയും പ്രതിനിധികൾ ഒരുമിച്ചുകൂടിയാണ് തീരുമാനിച്ചിരുന്നത്. യോഗങ്ങൾ തമ്മിൽ പൂർണ്ണമായ തുല്യത നിലനിന്നിരുന്നത് സഭയുടെ കൂട്ടായ്മയ്ക്കും ഐക്യത്തിനും കാരണമായി.

നമ്മുടെ പൂർവ പിതാക്കന്മാർ സഭയെ കണ്ടിരുന്നത് വിശ്വാസികളുടെ കൂട്ടായ്മ എന്ന നിലയിലും ദൈവജനം എന്ന രീതിയിലുമാണ്. വിദേശികളായ മിഷനറിമാരുടെ വിവരണങ്ങളിൽ നിന്നും മനസ്സിലാക്കേണ്ടത് ഇവിടെ നിലനിന്നിരുന്നത് അപ്പസ്തോലികകാലങ്ങളിലെ സഭയുടെ മാതൃകയിലുള്ള ഒരു കൂട്ടായ്മയായിരുന്നുവെന്നാണ്. സഭയുടെ ആദ്യത്തെ രണ്ടുമൂന്നു നൂറ്റാണ്ടുകളിൽ സഭയിലെല്ലായിടത്തും നിലനിന്നിരുന്നത് ആദിമസഭയുടെ ചൈതന്യത്തിലുള്ള ഒരു ഭരണക്രമമായിരുന്നു. അപ്പസ്തോലിക നടപടികളിലെ വാക്യങ്ങൾ പരിശോധിച്ചാൽ സഭയിലെന്നും പ്രധാന കാര്യങ്ങളിൽ തീരുമാനമെടുത്തിരുന്നത് ശ്ലീഹന്മാരും മൂപ്പന്മാരും അവരോടൊപ്പം സഭ മുഴുവനുമായിരുന്നുവെന്ന് മനസ്സിലാക്കുവാൻ സാധിക്കും. അൽമായരോടുള്ള അവഗണനയും വിവേചനവും ഈ സഭയിൽ ഇല്ലായിരുന്നു. ഇവിടുത്തെ സഭാസമൂഹത്തിന് സഭ അവരുടേതാണെന്നും അവർ തന്നെയാണ് സഭ എന്നുമുള്ള ബോധ്യമുണ്ടായിരുന്നു.

കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ജനകീയ അടിത്തറ അൽമായർക്ക് എല്ലാകാര്യങ്ങളിലും പങ്കാളിത്തം നൽകിക്കൊണ്ടിരുന്നുവെന്നതിന് ധാരാളം രേഖകളുണ്ട്. അതിൽ പ്രധാനമായ ഒന്നാണ് 9-ാം നൂറ്റാണ്ടുകളിലെ തരീസാപ്പള്ളി ചെപ്പേടുകൾ. ഈ ചെപ്പേടുകളിൽ പള്ളി എന്ന വാക്ക് ഉപയോഗിച്ചിരുന്നത് രണ്ടർത്ഥത്തിലാണ്. ഒന്ന് ദേവാലയം. രണ്ട് സഭയുടെ കൂട്ടായ്മ. ചെപ്പേടുകൾ നൽകുന്നത് പള്ളിക്കൂട്ടായ്മയ്ക്കാണ്. ആ പള്ളിക്കൂട്ടായ്മയിൽ വൈദികരോടൊപ്പം അൽമായർക്കും പങ്കാളിത്തം നൽകിയിരുന്നു.

കേരളത്തിലെ നസ്രാണികളുടെ സഭാവിജ്ഞാനീയത്തിന്റെ മഹത്തായ ഒരു ദൃശ്യം ശിലാലിഖിതങ്ങൾ പരിശോധിച്ചാൽ കാണാം. പറവൂർ യാക്കോബായ പള്ളിയുടെ പടിഞ്ഞാറേ ഭിത്തിയിൽ പതിച്ചിട്ടുള്ള ശിലാലിഖിതം കേരളത്തിലെ സുറിയാനി ക്രൈസ്തവരുടെ സഭാദർശനത്തിന് നല്ലൊരു ഉദാഹരണമാണ്. പ്രസ്തുത ലിഖിതം ഇങ്ങനെയാണ്: 'മാറാൻ ഈശോമിശിഹാ പിറന്നിട്ട് 1566-ാം കാലം വൃശ്ചികത്താ യർ 16-ാം തീയതി പട്ടമന പറവൂർ മാർത്തോമ്മോ പള്ളിമല്പാൻ മാർ യൗസേഫ് മെത്രാനും മറ്റു പല ദേശത്തുള്ള പട്ടക്കാരും ഇണങ്ങരുംകൂടി കുരിശു നാട്ടി സമ്മതിച്ച് കുറുവാനയും ചെയ്തു. കൊല്ലം 742-ാമത് വൃശ്ചിക ഞായർ 16'.

ലിഖിതത്തിൽ കാണുന്ന മൂന്നു കാര്യങ്ങൾ ശ്രദ്ധേയമാണ്. 1) കുരിശുനാട്ടുകയും കുർബാന ചൊല്ലുകയും ചെയ്യുന്നത് യൗസേപ്പ് മെത്രാനും ദേശത്തുള്ള പട്ടക്കാരും ഇണങ്ങരും ചേർന്നാണ്. 2) ഈ ഉദ്ദേശത്തോടുകൂടി അവർ ഒരുമിച്ചു കൂടുകയും സമ്മതം പറയുകയും ചെയ്യുന്നു. 3) തീരുമാനം എടുക്കുന്നത് സഭാസമൂഹം ഒന്നിച്ചു ചേർന്നാണ്. നസ്രാണി പാരമ്പര്യത്തിന്റെ തനിമയാർന്ന രൂപമാണ് പറവൂർ ശിലാലിഖിതത്തിലേത്.

കാലക്രമേണ പോർട്ടുഗീസ് മേധാവിത്വം സഭയുടെ മേൽ അധികാരം അടിച്ചേല്പിച്ചു. സഭാഭരണത്തിലെ അൽമായപങ്കാളിത്തം കുറഞ്ഞുപോവുകയും അതിദയനീയമായി തകരുകയും ചെയ്തു. എങ്കിലും കേരളസഭയിൽ നിലവിലിരുന്ന അൽമായ പങ്കാളിത്തത്തെ അവഗണിക്കുവാൻ ആർച്ച് ബിഷപ്പ് ഡോ. മെനേസിസിനു പോലും സാധിച്ചില്ല. അതുകൊണ്ടാണ് അദ്ദേഹം വിളിച്ചുകൂട്ടിയ 1599-ലെ ഉദയം പേരൂർ സൂനഹദോസിൽ 153 വൈദികരെ മാത്രം പങ്കെടുപ്പിച്ചപ്പോൾ 671 അൽമായരെ പങ്കെടുപ്പിക്കുവാൻ തയ്യാറായത്.

(തുടരും)

**എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).**

# LAITY VOICE





**കഴിഞ്ഞ ലക്കം തുടർച്ച...**

**എപ്പോഴാണ് ഒരു പ്രവൃത്തി ധാർമ്മികമായി നന്മയായിരിക്കുന്നത്?**

വിഷയത്തിന്റെയും ലക്ഷ്യത്തിന്റെയും സാഹചര്യങ്ങളുടെയും നന്മ ഒരേ സമയം നിലനിർത്തുമ്പോൾ ഒരു പ്രവൃത്തി ധാർമ്മികമായി നന്മയായിരിക്കുന്നു. ലക്ഷ്യം നല്ലതാണെങ്കിലും തെരഞ്ഞെടുത്ത വിഷയം അതിൽത്തന്നെ തിന്മയാണെങ്കിൽ ഒരു പ്രവൃത്തിയെ മുഴുവനും വികലമാക്കും. തിന്മപ്രവൃത്തിവഴി നന്മയുണ്ടാകാമെങ്കിലും അത് അനുവദനീയമല്ല. വിഷയം അതിൽത്തന്നെ നല്ലതാണെങ്കിലും തിന്മയായ ലക്ഷ്യം പ്രവൃത്തിയെ വികലമാക്കും. മറിച്ച്, പ്രവൃത്തിയുടെ വിഷയം തിന്മയാണെങ്കിൽ സദുദ്ദേശ്യം ആ പ്രവൃത്തിയെ നല്ലതാക്കുകയില്ല. ലക്ഷ്യം മാർഗ്ഗങ്ങളെ നീതിവൽക്കരിക്കുന്നില്ല എന്നതു തന്നെ കാരണം. പ്രവർത്തിക്കുന്ന വ്യക്തിയുടെ ഉത്തരവാദിത്വത്തെ വർദ്ധിപ്പിക്കാനോ കുറയ്ക്കാനോ സാഹചര്യങ്ങൾക്കു കഴിയും. എന്നാൽ അവയ്ക്ക് പ്രവൃത്തിയുടെ ധാർമ്മികഗുണത്തെ മാറ്റാനാവില്ല.

**എപ്പോഴും നിയമവിരുദ്ധങ്ങളായ പ്രവൃത്തികളുണ്ടോ?**

എപ്പോഴും വിഷയത്താൽതന്നെ നിയമവിരുദ്ധങ്ങളായ ചില പ്രവൃത്തികളുണ്ട് (ഉദാ: ദൈവദൂഷണം, കൊലപാതകം, വ്യഭിചാരം). ഇത്തരം പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിൽ മനസ്സിന്റെ ഒരു ക്രമരാഹിത്യം, അതായത് ഒരു ധാർമ്മികത അടങ്ങിയിട്ടുണ്ട്. അവയിൽ നിന്നുണ്ടാകാൻ സാധ്യതയുള്ള നല്ലഫലങ്ങൾ എടുത്തുകാട്ടിക്കൊണ്ട് അവയെ ഒരിക്കലും നീതീകരിക്കാനാവില്ല.

## വികാരങ്ങളുടെ ധാർമ്മികത

**എന്താണ് വികാരങ്ങൾ (passions)?**

വികാരങ്ങൾ എന്നാൽ തോന്നലുകളോ ഐന്ദ്രീയവാഞ്ഛയുടെ ആവേഗങ്ങളോ ചലനങ്ങളോ ആണ് (മാനുഷിക മനഃശാസ്ത്രത്തിന്റെ സ്വാഭാവിക ഘടകങ്ങളാണവ). നന്മയായോ തിന്മയായോ കണ്ടതിന്റെ മുമ്പിൽ പ്രവർത്തിക്കാനോ പ്രവർത്തിക്കാതിരിക്കാനോ അത് ഒരു വ്യക്തിയെ പ്രേരിപ്പിക്കുന്നു. പ്രധാനപ്പെട്ട വികാരങ്ങൾ സ്നേഹം, വിദ്വേഷം, ആഗ്രഹം, ഭയം, സന്തോഷം, സങ്കടം, കോപം എന്നിവയാണ്. നന്മയുടെ ആകർഷണത്തിനുവിധേയമാകുന്ന മുഖ്യവികാരം സ്നേഹമാണ്. യഥാർത്ഥ നന്മയേയോ യഥാർത്ഥ നന്മയെന്നു തോന്നിക്കുന്നതിനെയോ മാത്രമേ ഒരുവനു സ്നേഹിക്കാൻ കഴിയൂ.

**വികാരങ്ങൾ ധാർമ്മികമായി നല്ലതോ ചീത്തയോ ആണോ?**

വികാരങ്ങൾ ഐന്ദ്രീവാഞ്ഛയുടെ ചലനങ്ങളായിരിക്കുന്നിടത്തോളം അവയിൽത്തന്നെ നല്ലതോ ചീത്തയോ അല്ല. നല്ല പ്രവൃത്തിക്ക് ഉതകുമ്പോൾ അവ നല്ലവയും മറിച്ചായിരിക്കുമ്പോൾ അവ ചീത്തയുമാണ്. അവയെ സുകൃതങ്ങളാക്കി ഉയർത്തുകയോ ദുശ്ശീലങ്ങളാക്കി തരം താഴ്ത്തുകയോ ചെയ്യാം.

## ധാർമ്മിക മനഃസാക്ഷി

**എന്താണ് ധാർമ്മിക മനഃസാക്ഷി?**

വ്യക്തിയുടെ ഹൃദയത്തിൽ സന്നിഹിതമായിരിക്കുന്ന ധാർമ്മിക മനഃസാക്ഷി യുക്തിയുടെ ഒരു വിധിതീർപ്പാണ്. തക്കസമയത്ത് നന്മചെയ്യാനും തിന്മ ഉപേക്ഷിക്കാനും അത് അവനോട് നിർദ്ദേശിക്കുന്നു. മനുഷ്യവ്യക്തി ചെയ്യേണ്ടതോ ചെയ്തതോ ആയ ഒരു പ്രവൃത്തിയുടെ ധാർമ്മികഗുണം ധാർമ്മിക മനഃസാക്ഷി വഴിയാണ് മനസ്സിലാകുന്നത്. ആ പ്രവൃത്തിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ അത് അവനെ അനുവദിക്കുകയും ചെയ്യുന്നു. വിവേകിയായ വ്യക്തിക്ക്, ധാർമ്മിക മനഃസാക്ഷിയെ ശ്രദ്ധിക്കുന്ന പക്ഷം, തന്നോട് സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം കേൾക്കാം.

**മനുഷ്യവ്യക്തിയുടെ മഹത്വം ധാർമ്മിക മനഃസാക്ഷിയെ സംബന്ധിച്ചിടത്തോളം എന്താണ് അർത്ഥമാക്കുന്നത്?**

മനുഷ്യവ്യക്തിയുടെ മഹത്വം ധാർമ്മിക മനഃസാക്ഷിയുടെ സത്യസന്ധത ആവശ്യപ്പെടുന്നു (അതായത്, യുക്തിയുടെയും ദൈവിക നിയമത്തിന്റെയും വെളിച്ചത്തിൽ ശരിയും നന്മയുമായിരിക്കുന്നതിനോട് ധാർമ്മിക മനഃസാക്ഷി ചേർന്ന് പോകണം). ഈ വൈയക്തിക മഹത്വം കാരണം മനഃസാക്ഷിക്കെതിരായി പ്രവർത്തിക്കാൻ ആരെയും നിർബന്ധിക്കാൻ പാടില്ല; അഥവാ പൊതുനന്മയുടെ പരിധിയ്ക്കുള്ളിൽ, സവിശേഷമായി മതപരമായ കാര്യങ്ങളിൽ മനഃസാക്ഷിയനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്ന് തടയാൻ പാടില്ല.

**എങ്ങനെയാണ് ശരിയും സത്യസന്ധവുമായ ധാർമ്മിക മനഃസാക്ഷി രൂപീകരിക്കുന്നത്?**

സത്യസന്ധവും ശരിയുമായ ധാർമ്മിക മനഃസാക്ഷി രൂപീകരണം, വിദ്യാഭ്യാസം, ദൈവവചനത്തിന്റെയും സഭാപ്രബോധനങ്ങളുടെയും സ്വാംശീകരണം എന്നിവ വഴി നടക്കുന്നു. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഈ പരിശീലനത്തെ ശക്തമാക്കുന്നു. വിജ്ഞാനികളുടെ ഉപദേശങ്ങൾ ഇതിനെ സഹായിക്കുകയും ചെയ്യുന്നു. ഒരുവന്റെ ധാർമ്മിക പരിശീലനത്തെ പ്രാർത്ഥനയും ആത്മപരിശോധനയും വലിയതോതിൽ സഹായിക്കുകയും ചെയ്യും.

**ഏതു മാനദണ്ഡങ്ങളാണ് മനഃസാക്ഷി എപ്പോഴും പിൻചെല്ലേണ്ടത്?**

മൂന്നു പൊതു മാനദണ്ഡങ്ങളുണ്ട്: 1. തിന്മയിൽ നിന്നു നന്മയുണ്ടാകാൻവേണ്ടി ഒരിക്കലും തിന്മ ചെയ്യരുത്. 2. സുവർണ്ണനിയമം–'–മനുഷ്യർ നിങ്ങൾക്കായി എന്തു ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അപ്രകാരം അവർക്കു ചെയ്യുക"(മത്താ.7:12). 3. ഒരുവന് തന്റെ അയൽക്കാരനോടും തന്റെ മനഃസാക്ഷിയോടുമുള്ള ആദരത്തിൽ നിന്ന് എപ്പോഴും ഉണ്ടാകുന്ന ഉപവി–വസ്തുനിഷ്ഠമായി തിന്മയായിട്ടുള്ളതിനെ നന്മയായിട്ട് അംഗീകരിക്കുക എന്ന് ഇത് അർത്ഥമാക്കുന്നില്ലെങ്കിലും.

**ധാർമ്മിക മനഃസാക്ഷിക്ക് തെറ്റായ വിധിതീർപ്പുകൾ നടത്താനാവുമോ?**

വ്യക്തി എപ്പോഴും തന്റെ മനഃസാക്ഷിയുടെ സുനിശ്ചിതമായ വിധിതീർപ്പ് അനുസരിക്കാൻ കടപ്പെട്ടവനാണ്. ഒരുവനെ എപ്പോഴും വ്യക്തിപരമായ കുറ്റത്തിൽ നിന്ന് ഒഴിവാക്കാത്ത കാരണങ്ങളുള്ളപ്പോൾ തെറ്റായ വിധിതീർപ്പുകൾ അവൻ നടത്തിയെന്നുവരാം. എന്നാൽ മനഃപൂർവ്വമല്ലാത്ത അജ്ഞതയാൽ ചെയ്ത ഒരു തിന്മപ്രവൃത്തി അയാളുടെമേൽ ആരോപിക്കാൻ പാടില്ല–പ്രവൃത്തി വസ്തുനിഷ്ഠമായി തിന്മയായി നിലനിന്നാൽകൂടി. അതിനാൽ ധാർമ്മിക മനഃസാക്ഷിയുടെ തെറ്റുകൾ തിരുത്താൻ നാം ശ്രമിക്കണം.

(തുടരും)

**(പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്)**

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**


Published and edited by Chevalier Adv.V C Sebastian
Valliamthadathil, Santhigri Residency,Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevalieradvvcsebastian@gmail.com
SHAJU.CHACKO7@GMAIL.COM
Private circulation